കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി.1/1084/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

കൊല്ലം.
തീയതി – 19.02.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് - 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കൊല്ലം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.1/1084/2020, തീയതി – 19.02.2021

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13.12.2018 മുതൽ 14.09.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. പി. മാത്യൂറോയ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-09-2020 മുതൽ 18-09-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ്കുമാർ. പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. സിജാറാണി. എസ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജൻ വി. ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജയകുമാരി അമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രഞ്ജുസുരേഷ് | 01.04.2018 മുതൽ<br>31-03-2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ | 01-04-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ബി. വിജയകുമാർ | 01-04-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രമ്യാ സത്യൻ | 01-04-2018 മുതൽ<br>18-06-2018 FN വരെ |
| | ശ്രീ.തോമസ് മാത്യു | 18-06-2018 AN മുതൽ<br>31-12-2018 വരെ |
| | ശ്രീമതി. രചന വി | 01-01-2019 മുതൽ<br>04-01-2019 വരെ |
| | ശ്രീ. ശിശുപാലൻ സി | 05-01-2019 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. | ശ്രീ. കെ. കരികേശു | 01-04-2018 മുതൽ<br>23-07-2018 FN വരെ<br>&<br>04-09-2018 മുതൽ<br>31-03-2019 വരെ |
| | ശ്രീ. കെ. പി. അനിൽകുമാർ | 23-07-2018 AN മുതൽ<br>03-09-2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. ഷക്കീലബീവി. എം | 01-04-2018 മുതൽ<br>30-11-2018 വരെ |
| | ശ്രീ. ബിനു. ജി. എസ് | 01-12-2018 മുതൽ<br>06-01-2019 വരെ |
| | ശ്രീമതി. രേഖ | 07-01-2019 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,അഞ്ചൽ) | ഡോ. സജീവ് | 01-04-2018 മുതൽ<br>31-03-2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി,കുളത്തുപ്പുഴ) | ഡോ. സജീനാബീഗം | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അസുന്ധമേരി | 01-04-2018 മുതൽ 11-10-2018 വരെ |
| | ഡോ. ശ്യാംകൃഷ്ണൻ | 12-10-2018 മുതൽ 31-03-2019 വരെ |
| പട്ടികവർഗ്ഗ വികസന ഓഫീസർ | ശ്രീ. ഷിനുബാബുക്കുട്ടി | 01-04-2018 മുതൽ 31-03-2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. സുരേഖ നായർ | 01-4-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ജോൺ മാത്യു | 01-4-2018 മുതൽ 24-06-2018 വരെ |
| | ശ്രീമതി. ശോഭന കെ. ഡി | 25-06-2018 മുതൽ 01-07-2018 വരെ |
| | ശ്രീമതി. വിജി രാജ് | 02-07-2018 മുതൽ 29-08-2018 വരെ |
| | ശ്രീമതി. സനുജ ബീഗം | 30-08-2018 മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ജോഷ്വാ ബെന്നറ്റ് ജോൺ | 01-4-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ. ഷാഹുൽ ഹമീദ് | 01-4-2018 മുതൽ 02-09-2018 വരെ |
| | ഡോ. സന്തോഷ് കുമാർ | 03-09-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |

| | | |
|---|---|---|
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തി | 1-10 |
| 11 | വരവിനത്തിലെ അവശ്യരേഖകൾ സൂക്ഷിക്കുന്നില്ല | 1-11 |
| 12 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സത്തിൽ വയ്ക്കുന്നു | 1-12 |
| 13 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-13 |
| 14 | തുറസ്സായ കിണർ ശുചിത്വകിണറാക്കൽ, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-14 |
| 15 | തേവർതോട്ടം ക്ലാവോട് അംഗനവാടി സ്മാർട്ട് അംഗനവാടിയാക്കൽ പദ്ധതി നടത്തിപ്പിൽ ജാഗ്രത പുലർത്തിയില്ല. | 1-15 |
| 16 | ടെൻഡർ അംഗീകാരത്തിന് ശേഷം കരാർ വയ്ക്കാൻ തയ്യാറാകാത്ത കരാറുകാരന്റെ ഇ.എം.ഡി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-16 |
| 17 | ഏരൂർ പഞ്ചായത്ത് -കോട്ടാത്തല കോളനി കുടിവെള്ള പദ്ധതി നവീകരണം - നടപടിക്രമങ്ങളിൽ അപാകത. | 1-17 |
| 18 | റോഡ് റീടാറിങ് പ്രവൃത്തികൾ-കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. | 1-18 |
| 19 | മുൻകൂറായി തുക ഒടുക്കിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു | 1-19 |
| 20 | ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ്-അധിക തുക അനുവദിച്ചു. | 1-20 |
| 21 | അഞ്ചൽ സി എച്ച് സി ഓഫീസ് പാർട്ടീഷൻ ടൈൽ പാകൽ – പദ്ധതി നടത്തിപ്പിൽ അപാകത. | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് – ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-23 |
| 24 | ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ വിതരണം -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല, കമ്പ്യൂട്ടറുകളുടെ വിതരണവിശദാംശങ്ങൾ പൂർണ്ണവുമല്ല. | 1-24 |
| 25 | സബ്സിഡി അനുവദിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | വിതരണവിശദാംശങ്ങളില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | സംയുക്ത പദ്ധതികൾക്ക് നൽകിയ തുകയുടെ ചെലവ്/വിനിയോഗവിവരങ്ങൾ ഇല്ല. | 1-27 |
| 28 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ/ധനവിനിയോഗ വിവരങ്ങളില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-28 |
| 29 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജിനത്തിൽ തുക ഒടുക്കി. | 1-29 |

| | | |
|---|---|---|
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 30 | ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ്-അധിക തുക അനുവദിച്ചു-167000 രൂപ നിരാകരിക്കുന്നു. | 3-1 |
| 31 | പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കുള്ള പദ്ധതിയിൽ നിന്നും ഡേറ്റാ എൻട്രി ഓപ്പറേറ്റർക്കുള്ള വേതനം നൽകിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-2 |
| 32 | ഏറ്റുമാനൂർ പഞ്ചായത്ത് -കോട്ടാത്തല കോളനി കുടിവെള്ള പദ്ധതി നവീകരണം; നടപടിക്രമങ്ങളിലെ അപാകത 57130/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു | 3-3 |
| 33 | റോഡ് റീടാറിങ് പ്രവൃത്തികൾ-കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല, 46927/-രൂപ തിരികെ ഈടാക്കണം | 3-4 |
| 34 | അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതു മൂലം പഞ്ചായത്ത് ഫണ്ടിന് 62628/-രൂപയുടെ നഷ്ടം | 3-5 |
| 35 | സർക്കാർ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജിനത്തിൽ ഒടുക്കിയ തുക നിരാകരിക്കുന്നു | 3-6 |
| | ഭാഗം-4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 36 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 47 | സാക്ഷ്യപത്രം-2018-19 | അനുബന്ധം-1 |
| 48 | അനുബന്ധ പത്രികകൾ | അനുബന്ധം-2 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

2018-19 വർഷ ബജറ്റ് 31.3.2018 തീയതിയിലെ iv(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 22.07.2019 | | |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8,50,62,156/- രൂപ |
| വരവ് | 22,07,30,634/- രൂപ |
| ആകെ | 30,57,92,790/- രൂപ |
| ചെലവ് | 22,66,19,694/- രൂപ |
| നീക്കിയിരിപ്പ് | 7,91,73,096/- രൂപ |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | | 0 | 8,63,63,000 | 8,63,63,000 | 7,14,01,889 | 1,49,61,111 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2,63,47,000 | 2,63,47,000 | 1,45,30,231 | 1,18,16,769 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | | 0 | 28,72,000 | 28,72,000 | 24,80,965 | 3,91,035 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 1,02,21,000 | 1,02,21,000 | 86,92,983 | 15,28,017 |
| സാക്ഷരത | | 61,276 | 2,479 | 63,755 | 29 | 63,726 |
| റ്റി.എസ്.സി | | 19,82,420 | 1,55,325 | 21,37,745 | 99,250 | 20,38,495 |
| IWMP | | 20,769 | 451 | 21,220 | 15,000 | 6,220 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് * | ഗ്രാമ പഞ്ചായത്ത് + ജില്ലാ പഞ്ചായത്ത് | 9755988 | 17291686 | 27047674 | 23820156 | 50867830 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 72881053 | 102122575 | 175003628 | 149348478 | 25655150 |
| | ട്രഷറി അക്കൗണ്ട് | 3,60,650 | 40,52,050 | 44,12,700 | 38,71,025 | 5,41,675 |

* സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുക തൻവർഷത്തെ 40(എ) യുമായി പൊരുത്തപ്പെടുന്നില്ല. ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. IAY കണക്കുകളുടെ വിവരങ്ങൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാര ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2018-19 | 163 | 125803000 | 100 | 9710606 | 42 | 21 | 61.35 |

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2020-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ വരവുകളും സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നില്ല. ചെലവ് വൗച്ചറുകൾ സാംഖ്യ സമ്പ്രദായപ്രകാരം അക്കൗണ്ട്ചെയ്ത് വൗച്ചർ നമ്പർ ക്രമത്തിൽ സൂക്ഷിച്ചുവരുന്നില്ല. വരവുതുകകൾക്ക് മാനവൽ രസീത് നൽകി സ്വീകരിക്കുകയും എന്നാൽ പിന്നീട് സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മാന്വൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വിവിധ ഇനങ്ങളിലായി ലഭിക്കുന്ന തുകകൾ അതാത് ഹെഡിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഇക്കാരണത്താൽ സംയുക്ത പദ്ധതികൾക്ക് ഉൾപ്പെടെ ലഭിക്കുന്ന തുകകളുടെ കൃത്യമായ വിനിയോഗവിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാംഖ്യ അധിഷ്ഠിത ക്യാഷ്ബുക്ക്, ഡേബുക്ക് ഇവ ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനായുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ പർച്ചേസിംഗ് കമ്മറ്റി മിനിട്സ് സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചുവരുന്നില്ല.സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വാടകരജിസ്റ്റർ ഇവയൊന്നും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ആസ്തി സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ പ്രസ്തുത വിവരം ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നുവെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്ത സാഹചര്യം ഉണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്കുപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണസംവിധാനം ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്നില്ല എന്ന് കണക്കാക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്താനും

ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും ഓഡിറ്റ് ശുപാർശചെയ്യുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യമുൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടേയും സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ജീവൻ രക്ഷാമരുന്നുകൾക്കായി തുകകൾ മുൻകൂറായി ഒടുക്ക് വരുത്തിയിട്ടും മരുന്നുകൾ ലഭിക്കാത്തതിനെതിരെ ഭരണ തലത്തിൽ നടപടികൾ സ്വീകരിക്കുവാൻ തയ്യാറായിട്ടില്ല. വിവിധ മരാമത്ത് പണികളിൽ പദ്ധതി നടപ്പിലാക്കാനായി മാത്രം പദ്ധതികൾ രൂപീകരിച്ചിരിക്കുകയാണ്. ഉദാ: തേവർതോട്ടം അംഗനവാടി സ്മാർട്ട് അംഗനവാടിയാക്കുന്നതിനായി പണം ചെലവഴിച്ചിരിക്കുന്നതിൽ ജാഗ്രത പുലർത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കുകളിലും രീതികളിലുമല്ല പദ്ധതി പണം വിനിയോഗിച്ചിരിക്കുന്നത്. (ഖണ്ഡിക 1-20, ഖണ്ഡിക 1-23 എന്നിവ കാണുക). സംയുക്ത പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്കും, നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്കും നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.17 | 2016-2017 | 28.12.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.2017 | 2016-17 മുതൽ 2017-18 വരെ | 5.7.2019 |

1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. RP 40(b) പ്രകാരമുള്ള ചുവടെപ്പറയുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല. റീകൺസിലിയേഷൻ നടത്തിയിട്ടില്ലാത്തിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

| അക്കൗണ്ട് നം./ബാങ്ക് | AFS പ്രകാരമുള്ള തുക | ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുക |
|---|---|---|
| ST SB -0002 | 541675 | 665005 |
| CANARA BANK -MISE<br>ACC.NO.617 | 789526 | 828240 |
| MP/MLA FUND<br>ACC.NO.02583 | 484530 | 492800 |

2. RP-40(b) ചുവടെപ്പറയുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

IAY Loan SCB Channappetta – Rs.540

IAY Loan SCB Kulathupuzha – Rs.500

3. IAY PLAN – UCO Bank – Account No. 4506

മുന്നിരിപ്പ് (RP -40(a) പ്രകാരമുള്ളത്)

ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് റീക്കൺസിലിയേഷൻ നടത്താത്ത സാഹചര്യത്തിൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

AFS പ്രകാരം -67552097

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം - 70523159.07

4.ബാങ്ക് റീകൺസിലിയേഷൻ നടത്താത്ത സാഹചര്യത്തിൽ കാലാവധി കഴിഞ്ഞ ചെക്കുകളുടെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

5. ബാലൻസ് ഷീറ്റ് - ഷെഡ്യൂളിൽ വിവിധ ഇനങ്ങളുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

B7 (Deposit Received) - ₹ 1,03,81,432

B-11(a) Capital work in progress - ₹ 3,66,05,359

B-12 – Investments - ₹ 1565000

B18- Advance to implementing Agencies -

Deposits with Kerala Water Authority - ₹ - 2,36,48,500

6. റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലെ വിവിധ ഇനങ്ങളുടെ വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

RP -4 – Penalties & fines - ₹ 38,955

RP -4 -Remission & Refund - ₹ 1559288

RP -5 – Sale & Hire changes - ₹ 6,276

RP -6 – Receipts from transferred Institutions -₹ 96,230

RP -10 – Recovery from Employees -₹ 8,666

RP -10 – Unclaimed Refund Payable/Liabilities writtern back - ₹ 55,600

RP -10 – Excess Provisions written back -₹ 2,37,000

7. ആസ്തി മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8. സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട്-മുന്നിരിപ്പ്,വരവ്,നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9. സംയുക്ത പ്രോജക്റ്റുകൾക്ക് ബ്ലോക്കിൽ നിന്നും വിഹിതം ലഭിച്ചതായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

1-10 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തി-

സർക്കാർ ഉത്തരവ് (സാധാ)നം2230/18/ആരോഗ്യകുടുംബക്ഷേമവകുപ്പ്/10-07-2018 പ്രകാരം തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയുടെ നിയന്ത്രണത്തിലുള്ള എസ്.എ.ടി ഹെൽത്ത്

എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും സാധാരണ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് മരുന്ന് വാങ്ങുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് മരുന്നുകൾ വാങ്ങിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക് | ചെലവ് തുക (രൂപ) | ബിൽ നം/തീയതി |
|---|---|---|---|
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി – അഞ്ചൽ | 33/19<br>അഞ്ചൽ സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 1500000/- | 5/18-19 /13-08-2018 |
| | 73/19-ക്യാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗികൾക്ക് മരുന്ന് | 625000/- | 14/18-19 /17-12-2018 |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി – കുളത്തുപ്പുഴ | 148/2019<br>കുളത്തുപ്പുഴ സി.എച്ച്.സി യിൽ ദന്തൽ ക്ലിനിക്കിന് ഉപകരണങ്ങൾ വാങ്ങൽ | 194460/- | 2/18-19 /25-10-2018 |
| | 66/19<br>ക്യാൻസർ, കിഡ്നി, ഹാർട്ട് - സംബന്ധമായ അസുഖമുള്ള രോഗികൾക്ക് മരുന്ന് വാങ്ങൽ | 375000/- | 5/18-19 /05-02-2019 |

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും മരുന്നുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 വരവിനത്തിലെ അവശ്യരേഖകൾ സൂക്ഷിക്കുന്നില്ല

എ) സാംഖ്യ രസീതുകൾ ഉപയോഗിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം20(d) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവത്കരിക്കുമ്പോൾ കമ്പ്യൂട്ടർവൽകൃത രസീതുകളായ സാംഖ്യാരസീതുകൾ ഉപയോഗിക്കുകയും അതിനായി സർക്കാർ നിർദ്ദേശങ്ങൾ അവലംബമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യാരസീതുകൾ ഉപയോഗിച്ചതായോ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതായോ കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2018-2019 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വാടക ഇനത്തിൽ വരവുണ്ടെങ്കിലും

ആയത് പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയില്ല. വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ലേലം, ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം എന്നീ വരവുകൾ പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയില്ല.

1-12 ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സത്തിൽ വയ്ക്കുന്നു

ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം ചെലവ് വന്ന തുകകളുടെ കൃത്യത ഉറപ്പാക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ ചേർക്കുന്ന തുകയുടെ സാംഗത്യം ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. അതിനാൽ കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 1997 ചട്ടം 12(2) പ്രകാരം, ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ചെലവ് തുകയുടെ വിവരങ്ങൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം ചെലവ് നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

| വൗച്ചർനം/തീയതി | ചെലവ് തുക (രൂപ) | ചെലവിനം |
|---|---|---|
| 5/18-19/7.4.18 | 52,649 | പത്ര പരസ്യം, ഡീസൽ ചാർജ്, വാഹന വാടക, പ്രിന്റിംഗ്, മുതലായവ. |
| 8/18-19/23.4.18 | 30,000 | ജാഗ്രതോത്സവം 2018 |
| 63/18-19/9.11.18 | 1,07,512 | വാഹന റിപ്പയർ, സർവീസ് ചാർജ്സ്, റിഫ്രഷ്മെന്റ്, മുതലായവ. |
| ആകെ | 1,90,161 | |

ഓഡിറ്റ് എൻക്വയറി നം. – 3/16.09.2020

1-13 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് – പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി(192/18-19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതിവികസന ഓഫീസർ

അടങ്കൽ തുക - 60,00,000/- രൂപ (വികസന ഫണ്ട്, ടി എസ്. പി)

ചെലവ് – 16,00,000/- രൂപ

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായുള്ള പദ്ധതിയിൽ നാല് തവണകളായി 50000/- രൂപ വീതം 200000/- രൂപ നൽകുന്നതാണ് പദ്ധതി. നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഓഡിറ്റ് തീയതി വരെയുള്ള കാലയളവിൽ കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | മഞ്ജു. വി, നന്ദനം, മഞ്ഞുകോണത്തുവീട് | 1,50,000 |
| 2 | സരസ്വതി, അനുഭവൻ, ഒഴുകുപാറയ്ക്കൽ | 1,50,000 |
| 3 | ബാബു, ഗണപതിവിലാസം, പാണയം, ഏരൂർ | 1,50,000 |
| 4 | സരള ജി, പാറവിള തെക്കേതിൽ, അയിലറ | 1,50,000 |
| 5 | ഇ. എസ്. രാജൻ, രാജ് വില്ല, ഇളവറാംകുഴി | 1,00,000 |
| 6 | ബിന്ദു. കെ, ബിഥുൻ ഭവൻ, തഴമേൽ | 1,00,000 |
| 7 | അമ്പിളി. സി, രാജിവിലാസം, ഉറുകുന്ന് | 1,50,000 |
| 8 | വാസുദേവൻ, സജിത് ഭവൻ, തേവർതോട്ടം | 1,50,000 |
| 9 | രമണി, വിഷ്ണുഭവൻ, ആർച്ചൽ | 1,00,000 |
| 10 | അനിത, താന്നിമൂട്ടിൽ തെക്കതിൽ, കോക്കാട് | 1,00,000 |
| | ആകെ | 13,00,000 |

2018-19 കാലയളവിൽ വിഭാവനം ചെയ്ത പദ്ധതിയുടെ ഗുണഫലം പൂർണ തോതിൽ ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. യഥാസമയം തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്ത സാഹചര്യം മൂലം ഗുണഭോക്താവിന് അധികച്ചെലവിനിടയാക്കുന്ന നിലയുമുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്നത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അടിയന്തിര പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 7/18-09-2020

1-14 തുറസ്സായ കിണർ ശുചിത്വ കിണറാക്കൽ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് - തുറസ്സായ കിണർ ശുചിത്വ കിണറാക്കൽ (57/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക - 8,00,000/- രൂപ (വികസന ഫണ്ട്, ടി എസ്. പി)

ചിലവ് – 1,35,000/- രൂപ

തുറസ്സായ കിണർ ശുചിത്വകിണറാക്കൽ എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 10000/- രൂപ നിരക്കിൽ നല്കുന്നു. ആകെ 27 ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം 5000/- രൂപ മുൻകൂറായി തുക നൽകിയത്. താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക / ബിൽ നം. / |
|---|---|---|

| നം | | തീയതി |
|---|---|---|
| 1 | ലളിത, ബൈജുവിലാസം, ഏരൂർ | 5,000/- 9/19;23.1.19 |
| 2 | അംബിക, അംബികവിലാസം, അച്ചൻകോവിൽ | 5,000/- 9/19;23.1.19 |
| 3 | സരോജിനി, വരിക്കോലിൽ വീട്, നെടിയറ | 5,000/- 9/19;23.1.19 |
| 4 | അജിത. എസ്, നെല്ലിമൂട്ടിൽ വീട്, അകമൺ, ആയൂർ | 5,000/- 47/19;21.3.19 |
| 5 | ശാലിനി. കെ. എസ്, ഷീദ സദനം, പാണയം | 5,000/- 39/19;11.3.19 |
| 6 | അനിതകുമാരി, അനിത വിലാസം, മണ്ണുവയൽ, ഏരൂർ | 5,000/- 63/19;23.3.19 |
| | ആകെ | 30,000/- |

ചെലവഴിച്ചിട്ടുള്ളതിൽ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിച്ച്, വിവരം അറിയിക്കുകയും ഓഡിറ്റ് തടസ്സംഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 7/18-09-2020

തടസ്സപ്പെടുത്തുന്ന തുക – 30,000/- രൂപ

1-15 തേവർതോട്ടം ക്ലാവോട് അംഗനവാടി സ്മാർട്ട് അംഗനവാടിയാക്കൽ പദ്ധതി - നടത്തിപ്പിൽ ജാഗ്രത പുലർത്തിയില്ല.
പ്രോജക്ട് നം. – 160/19,
അടങ്കൽ തുക – 303312/- രൂപ (വികസന ഫണ്ട്)
നിർവ്വഹണാധികാരി – അസി. എക്സി. എഞ്ചിനീയർ
ചെലവ് – 265212/- രൂപ (ബിൽ നം. 330/19.3.19)
കരാറുകാരൻ – ശ്രീ. സതീഷ് കുമാർ. വി. ആർ, ശ്രീവിശാഖം, തേവലപ്പുറം.
കരാർ നം – 16/AEE/LSGD/ACL/18-19Dtd.14.11.18
M book no. – 9/18-19.

തേവർതോട്ടം ക്ലാവോട് അംഗനവാടി കെട്ടിടം സ്മാർട്ട് അംഗനവാടിയാക്കുന്നതിന്റെ ഭാഗമായി എയർ കണ്ടീഷൻ സ്ഥാപിക്കൽ, കെട്ടിടത്തിന്റെ മുകൾഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഷെഡ് നവീകരിക്കൽ എന്നീ പ്രവൃത്തികളാണ് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പ് സംബന്ധമായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിന്റേയും, അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയിന്റേയും അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. GO(Rt)2878/2015/LSGD/Dtd.22.9.15പ്രകാരം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കുന്ന പാനലിൽ നിന്നുമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു എൻജിനീയറെ തെരഞ്ഞെടുക്കേണ്ടത്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന എൻജിനീയറുമായി തദ്ദേശസ്വയംഭരണ സ്ഥാപനം, പ്രവൃത്തിയുടെ പൂർണ ഉത്തരവാദിത്വം ഏൽപ്പിച്ചു കൊണ്ട്, കരാർ

വയ്ക്കേണ്ടതുണ്ട്. മേൽ പരാമർശ അംഗനവാടിയുടെ വൈദ്യുതീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ശ്രീ.കെ.രമണൻ എന്ന പാനൽ എൻജിനീയറാണ്. എം ബുക്ക് പ്രകാരം പ്രവർത്തി ചെക്ക് മെഷർ ചെയ്തിരിക്കുന്നത് ശ്രീ. എം. ഷംസുദ്ദീൻ എന്ന മറ്റൊരു പാനൽ എൻജിനീയറും ആണ്. എന്നാൽ ഇവരുമായി ബ്ലോക്ക് പഞ്ചായത്ത് യാതൊരുവിധ എഗ്രിമെന്റിലും ഏർപ്പെട്ടിട്ടില്ല. കൂടാതെ ഇവർ യഥാർത്ഥ അംഗീകൃത പാനൽ എൻജിനീയർമാർ ആണെന്ന് വ്യക്തമാക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. എസ്റ്റിമേറ്റിൽ ഒന്നാം ഇനമായി 2TR കപ്പാസിറ്റിയുള്ള സ്പ്ളിറ്റ് എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് 68422/- രൂപ വകയിരുത്തുകയും അത്രയും തന്നെ തുക പ്രവൃത്തിയുടെ ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലോക്ക് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, വോൾട്ടാസ് കമ്പനിയുടെ 1.5 TR കപ്പാസിറ്റിയുള്ള സ്പ്ളിറ്റ് എയർകണ്ടീഷണർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

3. പ്രസ്തുത എസ്റ്റിമേറ്റിൽ 8-ാം ഇനമായി 8 എണ്ണം '24 W false ceiling LED down lights'സ്ഥാപിക്കൽ എന്ന പ്രവൃത്തി ഉൾപ്പെടുത്തുകയും 2235/- രൂപ നിരക്കിൽ ആകെ 17880/-രൂപ കരാറുകാരന് ബിൽ തുകയിൽ ഉൾക്കൊള്ളിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിൽ എവിടെയും ഫാൾസ് സിലിങ് സ്ഥാപിച്ചിട്ടില്ല എന്നും, ഫാൾസ് സിലിങ്ങിൽ സ്ഥാപിക്കുന്ന മേൽ പരാമർശിച്ചിട്ടുള്ള ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് അംഗനവാടി കെട്ടിടത്തിന്റെ മുകളിൽ തീർത്തിട്ടുള്ള ജി.ഐ ഷീറ്റ് റൂഫിംങോട് കൂടിയ ഷെഡ്ഡിൽ ആണെന്നും കാണാൻ കഴിഞ്ഞു. പരമാവധി 4 എണ്ണം എൽ.ഇ.ഡി ട്യൂബുകൾ/ലൈറ്റുകൾ മാത്രം ആവശ്യമായിരുന്ന സ്ഥാനത്താണ് 2235/-രൂപ നിരക്കിൽ 8 എണ്ണം '24 W false ceiling LED down lights' സ്ഥാപിച്ചിരിക്കുന്നത്. കൈ ഉയർത്തിയാൽ തട്ടുന്ന ഉയരത്തിൽ , ഒന്നിനോടൊന്ന് ചേർത്ത് എട്ട് ഫാനുകളും ഇതേ ഷെഡ്ഡിൽ സ്ഥാപിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പാനൽ എൻജിനീയർമാരുമായി കരാർ വയ്ക്കുന്നത് സംബന്ധമായി കാര്യാലയത്തിന് അറിയില്ലായിരുന്നുവെന്നും, എ സി സ്ഥാപിച്ചതിൽ നഷ്ടം വന്ന തുക തിരികെ ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണാധികാരിയായ അസി. എക്സി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി.

പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം നിർവഹിച്ചിട്ടുള്ളതായി പാനൽ എൻജിനീയർ അളവ് രേഖപ്പെടുത്തുകയും, മറ്റൊരു പാനൽ എൻജിനീയർ ചെക്ക് മെഷർ നിർവഹിക്കുകയും ചെയ്ത പ്രവൃത്തികൾക്ക് മേൽ, പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ യാതൊരുവിധ ഭൗതിക പരിശോധനയും നടത്താതെ ബില്ല് മാറി നൽകുകയാണ് ഉണ്ടായിട്ടുള്ളത്. വിലകൂടിയ ലൈറ്റുകൾ, ഫാനുകൾ എന്നിവ ആവശ്യത്തിലധികമായും, സുരക്ഷിതമല്ലാതെയും, സാമാന്യ യുക്തിക്ക് പോലും നിരക്കാത്ത രീതിയിലുമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

2,65,212/-രൂപ ചെലവ് വന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലും മേൽനോട്ടത്തിലും പദ്ധതിയുടെ നിർവഹണ അധികാരിയായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. പൊതു പണം ചെലവഴിക്കുന്നതിൽ അധികാരികൾ പുലർത്തുന്ന ജാഗ്രത ഇല്ലായ്മയും കെടുകാര്യസ്ഥതയുമാണ് മേൽ പദ്ധതി നടത്തിപ്പിൽ

വ്യക്തമാക്കുന്നത്. പദ്ധതി പണമുപയോഗിച്ച് അംഗൻവാടിയിൽ നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ അനിവാര്യതയും കൃത്യമായ മൂല്യനിർണയവും ക്ഷമതയുള്ള സാങ്കേതിക വിദഗ്ധരെ കൊണ്ട് പുനർ നിർണയിക്കേണ്ടതും, ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ തുക തിട്ടപ്പെടുത്തി പദ്ധതി നിർവ്വഹണാധികാരിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതുമാണ്. അതുവരെ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച 2,65,212/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. കെട്ടിടത്തിൽ എവിടെയും ഫാൾസ് സീലിംഗ് ഇല്ലാതിരുന്നിട്ടും 'ഫാൾസ് സീലിംഗ് ലൈറ്റുകൾ, സ്ഥാപിക്കുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും 1.5TR കപ്പാസിറ്റിയുള്ള എ.സി യുടെ സ്ഥാനത്ത് 2TR കപ്പാസിറ്റിയുള്ള എ.സി സ്ഥാപിച്ചതായി എം.ബുക്കിൽ തെറ്റായി രേഖപ്പെടുത്തി പണാപഹരണം നടത്താൻ കൂട്ടുനിൽക്കുകയും ചെയ്ത പാനൽ എൻജിനീയർമാർക്കെതിരെ നിയമനടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ബഹു. പഞ്ചായത്ത് ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം. – 5/17.9.2020

1-16 ടെൻഡർ അംഗീകാരത്തിന് ശേഷം കരാർ വയ്ക്കാൻ തയ്യാറാകാത്ത കരാറുകാരന്റെ ഇ.എം.ഡി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കുട്ടിയിട്ടില്ല.

പ്രവർത്തിയുടെ പേര് : കാസിം പിള്ള - കരിക്കം ഗണപതി അമ്പലം തോട് സംരക്ഷണം.
പ്രോജക്റ്റ് നമ്പർ : 196/19
അടങ്കൽ തുക : 650000/- രൂപ (വികസന ഫണ്ട്)
ചെലവ് – 644636/- രൂപ (ബിൽ നം. 203/29.1.19)
മേൽ പദ്ധതിയുടെ നിർവഹണത്തിനായി ടെൻഡർ ക്ഷണിച്ച പ്രകാരം മൂന്ന് ടെൻഡറുകൾ ലഭ്യമായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരൻ. | രേഖപ്പെടുത്തിയ തുക |
|---|---|
| 1. ശ്രീ. എസ് സുരേന്ദ്രൻപിള്ള,<br>പച്ചയിൽ വിളയിൽ വീട്, അയിലറ, | 600778.61/- |
| 2. ശ്രീ. പി. ദേവരാജൻ<br>നിരപ്പിൽ പുത്തൻവീട്, ഉറുകുന്ന്, | 606757.21/- |
| 3. ശ്രീ. എം ഹാഷിം<br>അൻസി അസോസിയേറ്റ്സ്<br>പ്ലാവിളവീട്,കുളത്തൂപ്പുഴ. | 623046.91/- |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുരേന്ദ്രൻ പിള്ളയോട് കരാർ വയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 26.7.17ൽ കത്ത് നൽകിയതായി (കത്തിന് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) ഫയലിൽ കാണുന്നുണ്ട്. എന്നാൽ തുടർന്ന് 650000/-രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പ്രവർത്തിയുടെ നിർവഹണത്തിനായി എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ. എം. ഹാഷിമുമായി കരാർ വയ്ക്കുകയും (കരാർ നം. 29/AEE/LSGD/ACL /17-18 Dtd.30-12-17) 644636/- രൂപയുടെ പ്രവൃത്തിമൂല്യം കണക്കാക്കി തുക ചെലവഴിക്കുകയും ചെയ്തു. (എം ബുക്ക് നം.22/18-19). കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ കരാർ വയ്ക്കാൻ തയ്യാറാകാതിരുന്നതാണെങ്കിൽ, ടിയാന്റെ നഷ്ട ഉത്തരവാദിത്വത്തിൽ വേണമായിരുന്നു തുടർനടപടികൾ നടത്തേണ്ടിയിരുന്നത്. എന്നാൽ EMD പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി രേഖയില്ല. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, കരാറുകാരൻ ഈ-ടെൻഡർ സമർപ്പിച്ചപ്പോൾ കരാർ ഫീസ് ഒടുക്കു വരുത്തിയ രസീതിന്റെ ഒരു പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ശ്രീ. സുരേന്ദ്രൻപിള്ള, പച്ചയിൽ വിള വീട്, അയിലറ എന്ന വ്യക്തിയുടെ EMD തുകയായ 16300/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക പദ്ധതി നിർവ്വഹണാധികാരിയായ അസി. എക്സി. എഞ്ചിനീയറുടെ നഷ്ട ഉത്തരവാദിത്തമായി നിശ്ചയിച്ച് ഓഡിറ്റിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

1-17 ഏരൂർ പഞ്ചായത്ത് -കോട്ടാത്തല കോളനി കുടിവെള്ള പദ്ധതി നവീകരണം; നടപടിക്രമങ്ങളിൽ അപാകത.

പ്രോജക്ട് നം. – 151/19.

അടങ്കൽ തുക : 500000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് : 268472/- രൂപ (ബിൽ നമ്പർ. 66/4.10.18 – 57130/- രൂപ, 1/18.5.18-211342/- രൂപ)

എം.ബുക്ക് നമ്പർ : 39/17-18

കരാറുകാരൻ : 1. ശ്രീ. വി. ആർ. സതീഷ് കുമാർ, ശ്രീ വിശാഖം, തേവലപ്പുറം.

കരാർ നമ്പർ : 01/AEE/LSGD/ACL/18-19 Dtd.7.6.18

2. ശ്രീ. സജീവ് കെ. ബി, കൊടിയഴികത്ത് വീട്, ആലഞ്ചേരി. (സിവിൽ പ്രവൃത്തികൾ)

കരാർ നമ്പർ : 71/AEE/LSGD/ACL/16-17 Dtd.27.3.17

ബിൽ നമ്പർ : 01/18.5.18

2016-17 വർഷത്തിൽ രൂപീകരിച്ച പ്രസ്തുത പദ്ധതിക്ക് ടെന്റർ ക്ഷണിച്ചതിൽ 3.068% കുറഞ്ഞ നിരക്കിൽ (484660/- രൂപ) ശ്രീ. കെ. ബി സജീവ്, കൊടിയഴികത്ത് വീട്, ആലഞ്ചേരി എന്ന വ്യക്തി കരാർ ഉറപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ 5 എച്ച്.പി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും അതിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കുമായി 20,907/- രൂപയും (ഒബ്സർവ്ഡ് ഡേറ്റ) ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 23.5.2017 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾ

മാത്രമായി എടുത്തുമാറ്റുകയും ആയതിന് പാനൽ എൻജിനീയർമാരെ കൊണ്ട് പ്രത്യേകമായി 69000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 57130/- രൂപ ചെലവഴിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് നിരക്കിൽ ആണ് കരാറുകാരനായ ശ്രീ. സതീഷ് കുമാർ ഈ പ്രവൃത്തിയുടെ കരാർ ഏറ്റിട്ടുള്ളത്. ടെൻഡർ/കൊട്ടേഷൻ ക്ഷണിച്ചതായോ, ശ്രീ. സതീഷ് കുമാറിന്റേതല്ലാതെ മറ്റ് ക്വട്ടേഷനുകൾ ലഭിച്ചതായോ ഫയലിൽ രേഖയില്ല. 5HP submersible pump സ്ഥാപിച്ചതിന് 24300 /- രൂപയും വൈദ്യുതി കണക്ഷനാവശ്യമായ 6mm core armed cable-ന്റെ വില ഇനത്തിൽ 13650/- രൂപയും ചേർത്ത് ആകെ 37950/- രൂപ ആദ്യ കരാറുകാരനായ ശ്രീ. സജീവ്. കെ. ബി.ക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെയാണ് വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രത്യേകമായി എസ്റ്റിമേറ്റ് തയ്യാറാക്കി 57130/- രൂപ ചെലവഴിച്ചിട്ടുള്ളത്. കൂടാതെ നവീകരണ പ്രവർത്തനങ്ങൾ മാത്രം നടത്തിയിട്ടുള്ള പ്രസ്തുത കുടിവെള്ള പദ്ധതിയുടെ മുൻപുണ്ടായിരുന്ന വൈദ്യുത പമ്പ് സെറ്റ് എന്തു ചെയ്തുവെന്നും, ഫയലിൽ എവിടെയും വ്യക്തതയില്ല. അപാകതകൾക്കു മേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/18-9-2020-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക.

1-18 റോഡ് റീടാറിങ് പ്രവൃത്തികൾ-കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.

2018-19 വർഷത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിങ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed bitumen rate അനുവദിച്ച നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. ഇതുമൂലം 46927/- രൂപയുടെ നഷ്ടം കണക്കാക്കുന്നു. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-4 കാണുക.

1-19 മുൻകൂറായി തുക ഒടുക്കിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു

അഞ്ചൽ, കുളത്തൂപ്പുഴ സി.എച്ച്.സി കളിലേക്ക് മരുന്ന് വിതരണം നടത്തുന്നതിനായി മുൻകൂറായി തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ,ഇൻ ഹൗസ് ഡ്രഗ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ ഒടുക്കിയെങ്കിലും നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പ്രോജക്ട് നം പേര് / തുക (രൂപ) | മരുന്ന്/ഉപകരണങ്ങളുടെ ചെലവ് വിശദാംശങ്ങൾ/ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന്/ഉപകരണങ്ങളുടെ വിവരം | അഭിപ്രായം |
|---|---|---|---|---|---|
| 1) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 33/18-19 അഞ്ചൽ സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ, 15,00,000/- സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ബിൽ നം- 5/18-19/ 13-08-18-373192/- ബിൽ നം- 13/18-19/ 15-12-18-406906/- സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 33846/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു | - |
| 2) | ഇൻ ഹൗസ് ഡ്രഗ്സ് ബാങ്ക് | 72/18-19 അഞ്ചൽ സി.എച്ച്.സി | 3,01,633/- ബിൽ നം-03/18-19 /13-07-2018 | 195450/-രൂപയുടെ ICU കട്ടിലുകൾ വിതരണം ചെയ്യാൻ | വിതരണ ഓർഡർ നൽകിയിട്ട് |

| | | | | | |
|---|---|---|---|---|---|
| | തിരുവനന്തപുരം | യിലെ പാലിയേറ്റീവ് കേന്ദ്രത്തിൽ കട്ടിലും ഉപകരണങ്ങളും വാങ്ങൽ, 3,03,000/-, വികസന ഫണ്ട് (ജനറൽ) | | അവശേഷിക്കുന്നു. | നാളിതുവരെ കട്ടിലുകൾ നൽകിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. |
| 3) | ഇൻ ഹൗസ് ഡ്രഗ്സ് ബാങ്ക്<br>തിരുവനന്തപുരം | 73/18-19<br>അഞ്ചൽ സി.എച്ച്.സി മുഖേന ക്യാൻസർ, കിഡ്നി, ഹൃദയ രോഗികൾക്ക് മരുന്ന് വാങ്ങൽ, 6,25,000/- വികസന ഫണ്ട് (ജനറൽ) | 6,25,000/-<br>ബിൽ നം-14/18-19 /17-02/2018 | 174893/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | 17-12-2018 ൽ മുൻകൂറായി ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ വിതരണം ചെയ്യാൻ ആരംഭിച്ചത് 21-02-2020 ലാണ്. ജീവൻ രക്ഷാ മരുന്നുകൾ വിതരണം നടത്തുന്നതിൽ വളരെയധികം കാലവിളംബം വരുന്നു. |
| 4) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ,<br>ഇൻ ഹൗസ് ഡ്രഗ് ബൗങ്ക് | 148/18-19<br>കുളത്തൂപ്പുഴ സി.എച്ച്.സി യിൽ ദന്തൽ ക്ലിനിക്കിന് ഉപകരണങ്ങൾ വാങ്ങൽ 2,50,000/- സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2,20,636/-<br>ബിൽ നം-2/18-19 /25-10-2018 | 220636/-രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ വിവരം പരിശോധയിൽ ബോധ്യപ്പെട്ടിട്ടില്ല. | - |
| 5) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 63/18-19<br>കുളത്തൂപ്പുഴ സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ 2,00,000/- സംരക്ഷണ | 2,00,000/-<br>ബിൽ നം-01/18-19 /11-09-2018 | 49172/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. | - |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാന്റ് (റോഡിതരം) | | | |
| 6) | ഇൻ ഹൗസ് ഡ്രഗ്സ് ബാങ്ക് | 66/18-19<br><br>കുളത്തൂപ്പുഴ സി.എച്ച്.സി മുഖേന ക്യാൻസർ, കിഡ്നി, ഹൃദയ രോഗികൾക്ക് മരുന്ന് വാങ്ങൽ, 3,75,000/-<br><br>വികസനഫണ്ട്<br><br>(ജനറൽ) | 3,75,000/-<br><br>ബിൽ നം-5/18-19 /05-02-19 | 375000/-രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | - |

ജീവൻ രക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താൻ ഭരണതലത്തിൽ സമയബന്ധിതമായി മോണിട്ടറിംഗ് നടത്തുന്നില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 2/16-09-2018, 8/18-09-2018

1-20 ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ് - അധികം സബ്സിഡി നൽകി.

പ്രോജക്ട് നം. – 007/19

അടങ്കൽ – 1000000/- രൂപ

(500000/- രൂപ വികസന ഫണ്ട്-ജനറൽ

500000/- രൂപ ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്)

ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ് നടത്തുന്നതിനുള്ള പ്രോജക്ട് പ്രകാരം വിവിധ ഗ്രൂപ്പുകൾക്ക് ബ്ലോക്കുപഞ്ചായത്ത് സബ്സിഡി നൽകി. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 1000 ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വീതം 10 ഗ്രൂപ്പിന് സഹായം നൽകുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയത്. ആയതു പ്രകാരം 5 ഗ്രൂപ്പുകൾക്ക് 50000/- രൂപ വീതം ആകെ 250000 രൂപ സബ്സിഡി നൽകി. സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.2.2018 പ്രകാരം ജനറൽ വിഭാഗത്തിന് നൽകാവുന്ന സബ്സിഡി നിരക്ക് ചെലവുതുകയുടെ 50% മാത്രമാണ്. എന്നാൽ, കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയയിനത്തിൽ ചെലവഴിച്ച തുകയുടെ പരിധിയിൽ കൂടുതൽ തുക ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-21 അഞ്ചൽ സി എച്ച് സി ഓഫീസ് പാർട്ടീഷൻ ടൈൽ പാകൽ - പദ്ധതി നടത്തിപ്പിൽ അപാകത.

പ്രോജക്ട് നമ്പർ : 197/19.

അടങ്കൽ തുക : 1086419/- രൂപ (മെയിന്റനൻസ് ഗ്രാന്റ് )
ചെലവ് തുക : 645768/- രൂപ (ബിൽ നം.123/15.12.18)
കരാറുകാരൻ : ശ്രീ. സുനിൽ ലാൽ, സുജിതാ മന്ദിരം, ഉമയനല്ലൂർ

പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. GO(Rt)2878/2015/LSGD/Dtd.22.9.15 പ്രകാരം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കുന്ന പാനലിൽ നിന്നുമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു എൻജിനീയറെ തെരഞ്ഞെടുക്കേണ്ടത്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന എൻജിനീയറുമായി തദ്ദേശസ്വയംഭരണ സ്ഥാപനം, പ്രവൃത്തിയുടെ പൂർണ ഉത്തരവാദിത്വം ഏൽപ്പിച്ചു കൊണ്ട്, കരാർ വയ്ക്കേണ്ടതുണ്ട്. മേൽ പരാമർശ പ്രവൃത്തിയുടെ വൈദ്യുതീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ശ്രീ. കെ. രമണൻ എന്ന പാനൽ എൻജിനീയറാണ്. എം ബുക്ക് പ്രകാരം പ്രവർത്തി ചെക്ക് മെഷർ ചെയ്തിരിക്കുന്നത് ശ്രീ. എം. ഷംസുദ്ദീൻ എന്ന മറ്റൊരു പാനൽ എൻജിനീയറും ആണ്. എന്നാൽ ഇവരുമായി ബ്ലോക്ക് പഞ്ചായത്ത് യാതൊരുവിധ എഗ്രിമെന്റിലും ഏർപ്പെട്ടിട്ടില്ല. കൂടാതെ ഇവർ യഥാർത്ഥ അംഗീകൃത പാനൽ എൻജിനീയർമാർ ആണെന്ന് വ്യക്തമാക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. പ്രവൃത്തി സംബന്ധമായ 'സ്കെച്ച് ആൻഡ് പ്ലാൻ ഓഫ് ഇലക്ട്രിക്കൽവയറിങ് 'തയ്യാറാക്കിയിട്ടില്ല.
3. 653482.40/- രൂപ എസ്റ്റിമേറ്റ് തുക ഉണ്ടായിരുന്ന പ്രവർത്തിക്കായി ടെന്റർ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകിയതായി രേഖയില്ല.
4. ഒരു ടെൻഡർ മാത്രമാണ് ഫയലിൽ കാണാൻ കഴിഞ്ഞത്. (ശ്രീ. എസ്. സുനിൽ ലാൽ) ടെന്റർ നടപടികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തത്തക്ക വിധത്തിൽ ന്യായമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ല എങ്കിൽ റീടെൻഡർ ചെയ്യേണ്ടിയിരുന്നു (പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 11 ഉപ ചട്ടം 1). എന്നാൽ ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കാതെ തന്നെ ശ്രീ. സുനിൽലാലിന്റെ ടെണ്ടർ അംഗീകരിച്ചതായി കാണുന്നു.
5. പാനൽ എൻജിനീയർമാർ എം.ബുക്കിൽ (നം. 07/18-19) രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾക്കും സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി കാണിച്ചിരിക്കുന്ന ഉപകരണങ്ങൾക്കും മേൽ യാതൊരുവിധ പരിശോധനയും നടത്താതെയാണ് പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ തുക മാറി നൽകിയിരിക്കുന്നത് .

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പാനൽ എൻജിനീയർമാരുമായി കരാർ വയ്ക്കണമെന്ന വ്യവസ്ഥ അറിയില്ലായിരുന്നുവെന്നും, പാനൽ എൻജിനീയർമാർ തയ്യാറാക്കിയ എം.ബുക്ക് ലഭ്യമായപ്പോൾ തുക നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി. പത്രപ്പരസ്യം നൽകുക എന്നത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല ആയതിനാലാണ് ആയത് സംബന്ധമായ രേഖകൾ ഫയലിൽ സൂക്ഷിക്കാത്തതെന്നും അസി. എക്സി. എഞ്ചിനീയർ വ്യക്തമാക്കുന്നു. പ്രവൃത്തിക്ക് ആദ്യം ടെൻഡർ നടത്തിയപ്പോൾ കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല എന്നും,റീ-ടെന്റർ നടത്തിയപ്പോൾ ഒരു കരാറുകാരൻ പങ്കെടുക്കുകയും പ്രസ്തുത കരാർ ബ്ലോക്ക് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടിയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ഇത്തരം വാദഗതികളെ സാധൂകരിക്കാൻതക്ക യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
മേൽ പരാമർശിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ, പദ്ധതിക്ക് ചെലവഴിച്ച 645768/- രൂപ

ഓഡിറ്റിൽ തടത്തിത്തിൽ വയ്ക്കുന്നു. പരാമർശിക്കപ്പെട്ട രേഖകൾ, ആവശ്യമായ വിശദീകരണങ്ങൾ സഹിതം ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 6/17.9.2020

1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം – SO020/19

അടങ്കൽ – 680000/- രൂപ (വികസനഫണ്ട്)

680000 /- രൂപ (ഗ്രാമപഞ്ചായത്ത് വിഹിതം)

നെൽക്കൃഷി കൂലിച്ചെലവ് എന്ന പ്രോജക്ടിനായി ബ്ലോക്കുപഞ്ചായത്ത് പരിധിയിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്കുവിഹിതമായി 624478/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക (രൂപ) | ബിൽ നം./തീയതി |
|---|---|---|
| ഏരൂർ | 169762 | 2/18-19/20.12.18 |
| കരവാളൂർ | 108358 | 3/18-19/29.12.18 |
| അഞ്ചൽ | 94826 | 4/18-19/19.1.19 |
| കുളത്തൂപ്പുഴ | 85000 | 5/18-19/19.1.19 |
| അലയമൺ | 39032 | 6/18-19/18.3.19 |
| ഇടമുളയ്ക്കൽ | 85000<br>42500 | 6/18-19/18.3.19<br>9/18-19/28.3.19 |

എന്നാൽ ഗ്രാമ പഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ 624478/- രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. – 11/18.9.2020

തടസ്സപ്പെടുത്തിയ തുക – 624478 /- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസി. ഡയറക്ടർ

1-23 പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവ് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പ്രോജക്റ്റ് നം. – 1/19, പദ്ധതി രൂപീകരണ നിർവഹണം

നിർവഹണം – സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട് (ജനറൽ)

ഫണ്ട് അടങ്കൽ – 2,00,000/- രൂപ

ചെലവ് – 1,96,857/- രൂപ

(91/18-19 / 21.1.19 – 1,50,000/-

106/18-19 / 19.2.19 – 7,750/-
152/18-19 / 25.3.19 – 26,000/-
153/18-19 / 25.3.19 – 13,107/-)

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.11/2018 /ത.സ്വ.ഭ.വ.,തിരു. തീയതി- 29.1.2018 പ്രകാരം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ടവർക്ക് പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം, പദ്ധതി ആസൂത്രണ, നിർവഹണ മോണിറ്ററിംഗ് ചെലവിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ബില്ലുകളിൽ “10000/- രൂപ ഓണറേറിയം ചെലവ്”എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക ഏതിനത്തിൽ ആർക്ക് നൽകി എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
ഓണറേറിയം ഇനത്തിൽ 10000/- രൂപ ചെലവഴിച്ചതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് (10000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 12/18.9.2020
തടസ്സപ്പെടുത്തിയ തുക – 10000/- രൂപ

1-24 ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ വിതരണം - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല, കമ്പൂട്ടറുകളുടെ വിതരണവിശദാംശങ്ങൾ പൂർണ്ണമല്ല

പ്രോജക്ട് നം – 21/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഫണ്ട് – വികസന ഫണ്ട് (ജനറൽ)

ഫണ്ട് അടങ്കൽ – 510000/- രൂപ

ചെലവ് – 493987/- രൂപ (ബിൽ നം- 149/18-19/23-03-2019)

ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉള്ള 15 ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ നൽകുന്ന പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് 13 കമ്പ്യൂട്ടറുകൾ വാങ്ങി ബ്ലോക്ക്പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 9 ലൈബ്രറികൾ കമ്പൂട്ടറുകൾ കൈപ്പറ്റിയതിന്റെ രസീതികൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ വിതരണം നടത്തിയ ആവലോൺ സിസ്റ്റംസ് & സർവ്വീസസ് എന്ന സ്ഥാപനത്തിന്റെ 15-03-2019 ലെ ഇൻവോയ്സ് നം- B2294 പ്രകാരം കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലൈബ്രറികൾ ഉപകരണങ്ങൾ കൈപ്പറ്റിയിരിക്കുന്നത് അഞ്ച് മാസങ്ങൾക്ക് ശേഷമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈബ്രറിയുടെ പേര് | കമ്പ്യൂട്ടർ കൈപ്പറ്റിയ തീയതി |
|---|---|---|

| | | |
|---|---|---|
| 1 | ആര്യങ്കാവ് പബ്ലിക്ക് ലൈബ്രറി | 03/09/2019 |
| 2 | കുളത്തുപ്പുഴ പോസ്റ്റ് ഓഫീസ് ക്ലട്ട് | 27/08/2019 |
| 3 | പബ്ലിക്ക് ലൈബ്രറി ആന്റ് റീഡിംങ്ങ് റൂം, ഇടമൺ | 03/09/2019 |
| 4 | വിവേകാനന്ദാ ആർട്സ് ആന്റ് സ്പോട്സ്, ഏരൂർ | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 5 | എം.എ.അഷറഫ് ലൈബ്രറി, അഞ്ചൽ | 22/08/2019 |
| 6 | എം.എ.അഷറഫ് ലൈബ്രറി, തടിക്കാട് | 30/08/2019 |
| 7 | ഡോ. എ. പി. ജെ. അബ്ദുൾകലാം ലൈബ്രറി | 03/09/2019 |
| 8 | കെ.എൻ.കെ.പി & ആർ.വി.പി പബ്ലിക്ക് ലൈബ്രറി, പെരുമണ്ണൂർ | 29/08/2019 |
| 9 | ജനകീയ ഗ്രന്ഥശാല | 08/10/2019 |

ബാക്കി 4 എണ്ണം കമ്പ്യൂട്ടറുകളുടെ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ രേഖാ മൂലം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ കമ്പ്യൂട്ടറുകളിൽ വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത 4 കമ്പ്യൂട്ടറുകൾക്കായി ചെലവഴിച്ച 151996/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 9/18-09-2020

തടസ്സപ്പെടുത്തിയ തുക – 151996/- രൂപ

1-25 സബ്സിഡി അനുവദിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം – 32/18-19 മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ ഐസ് ബോക്സ് സഹിതം

ഫണ്ട് – വികസന ഫണ്ട് (ജനറൽ)

അടങ്കൽ – 3750000/- രൂപ (1875000/- വികസന ഫണ്ട്, 1875000/- ഗുണഭോക്തൃ വിഹിതം)

ചെലവ് തുക – 1375000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

18-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ 15 സ്വയംസഹായ സംഘങ്ങൾ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്കായി നടപ്പിലാക്കിയ "മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ ഐസ് ബോക്സ് സഹിതം" എന്ന പദ്ധതി പ്രകാരം 1.25 ലക്ഷം രൂപ വീതം സബ്സിഡി കൈപ്പറ്റിയ സ്വയംസഹായസംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി ധനസഹായം മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ)നം 22/18/ത.സ്വ.ഭ.വ.തിരുവനന്തപുരം/തീയതി 14-02-2018 ഖണ്ഡിക 6-3(19) അനുസരിച്ച് മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ ഐസ്ബോക്സ് സഹിതം എന്ന പദ്ധതിക്ക് 2.5 ലക്ഷം രൂപ യൂണിറ്റ് ചെലവിൽ മൂന്ന് പേർ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് യൂണിറ്റ്

വിലയുടെ 50% പരമാവധി 1.25 ലക്ഷം രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വായ്പാബന്ധിതമായിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. 11 യൂണിറ്റുകൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയത്. പദ്ധതിരേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വായ്പാബന്ധിതമായി നടപ്പിലാക്കിയ പദ്ധതിയിൽ 11 ഗ്രൂപ്പുകൾക്കും തുക അനുവദിച്ചിരിക്കുന്നത്, വായ്പ അനുവദിക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ടി ധനകാര്യസ്ഥാപനങ്ങളിലേക്കായിരുന്നു. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ കുടുബശ്രീയിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരം, വാഹനം വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

2) വാഹനവും ഐസ്ബോക്സും വാങ്ങുക എന്നതായിരുന്നു പദ്ധതിയെങ്കിലും എല്ലാ ഗ്രൂപ്പുകളും വാഹനവും ഐസ്ബോക്സും വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | വാഹനം വാങ്ങിയതിന്റെ വിവരം | ഐസ്ബോക്സ് വാങ്ങിയതിന്റെ വിവരം | അഭിപ്രായം |
|---|---|---|---|---|
| 1 | ബിസ്മി, കരുകോൺ | ഇല്ല | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 2 | ബിസ്മില്ല, കരുകോൺ | ഇല്ല | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാ പനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 3 | ചങ്ങാതി ഗ്രൂപ്പ്, തടിക്കാട് | വാഹനത്തിന്റെ പ്രോഫോമ ഇൻവോയ്സ് ഉണ്ട് | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 4 | മലർജയന്തി, തടിക്കാട് | വാഹനത്തിന്റെ പ്രോഫോമ ഇൻവോയ്സ് | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 5 | സംസം, പത്തടി | ഉണ്ട് | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 6 | ആറ്റൻകര, പത്തടി | ഉണ്ട് | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 7 | തവക്കൽ, ഇലവിൻമൂട് | വാഹനത്തിന്റെ പ്രോഫോമ ഇൻവോയ്സ് | ഇല്ല | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് മാത്രമാണുള്ളത്. |
| 8 | ഗീതാഞ്ജലി, പത്തടി | ഇല്ല | ഉണ്ട് | വിനായക മോട്ടോഴ്സിന് 242000/-രൂപ നൽകി എന്ന് ലോൺ അനുവദിച്ച ഏരൂർ സർവ്വീസ് സഹകരണബാങ്ക് |

| | | | | |
|---|---|---|---|---|
| | | | | കത്ത് നൽകിയിട്ടുണ്ട്. |
| 9 | നന്മ ഗ്രൂപ്പ്, അഗസ്ത്യക്കോട് | വാഹനത്തിന്റെ പ്രോഫോമ ഇൻവോയ്സ് | ഉണ്ട് | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് ഉണ്ട്. |
| 10 | നന്മ ഗ്രൂപ്പ്, പത്തടി | ഉണ്ട് | ഉണ്ട് | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് ഉണ്ട്. |
| 11 | മർഹബ, അറക്കൽ | ഉണ്ട് | ഉണ്ട് | ലോൺ അനുവദിക്കാമെന്നുള്ള ധനകാര്യസ്ഥാപനത്തിന്റെ കത്ത് ഉണ്ട്. |

ടി അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. ക്രമ നമ്പർ 1, 2 എന്നിവ പ്രകാരം സൂചിപ്പിച്ചിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 11 ഗ്രൂപ്പുകൾക്കായി ആകെ ചെലവഴിച്ച 1375000/- രൂപയിൽ സബ്സിഡി നിരക്കിനെക്കാൾ അധികം നൽകിയത് മൂലം ഓഡിറ്റിൽ നിരാകരിച്ച 62628/- (ഖണ്ഡിക 3-5 കാണുക) കിഴിച്ചുള്ള ബാക്കി തുകയായ 1312372/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 09/18-09-2020

തടസ്സപ്പെടുത്തിയ തുക – 1312372/- രൂപ

1-26 വിതരണവിശദാംശങ്ങളില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ കായിക ഉപകരണങ്ങളുടേയും ഫർണിച്ചറുകളുടേയും കമ്പ്യൂട്ടറുകളുടേയും മറ്റ് അനുബന്ധസാമഗ്രികളുടേയും വിതരണവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് | ഫണ്ട് വിശദാംശം | ബിൽ നം/തീയതി | വിതരണവിവരങ്ങൾ ലഭ്യമാക്കേണ്ട സാധനങ്ങളുടെ വിവരം | അഭിപ്രായം |
|---|---|---|---|---|---|
| 1 | 98/2019<br>ബ്ലോക്കിനും അനുബന്ധ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടർ,പ്രിന്റർ മുതലായവ വാങ്ങൽ | സംരക്ഷണഗ്രാന്റ് (റോഡിതരം) 404944/- രൂപ | 148/18-19/ 26-03-2019 | 1)ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ-9 എണ്ണം<br>2)ലേസർ പ്രിന്റർ-1 എണ്ണം<br>3)യു.പി.എസ്-2എണ്ണം<br>4)എക്സിക്യൂട്ടീവ് ചെയർ-5 എണ്ണം<br>5)പെഡസ്റ്റൽ ഫാൻ-4 എണ്ണം | സിഡ്കോയിൽ നിന്നും ബിൽ നം-KLM/18-19 /487/20-03-2019 പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം നടത്തിയതിന്റെ വിവരങ്ങൾ ഇല്ല. |
| 2 | 24/2019 | വികസനഫണ്ട് | 147/18-19 /26-03-2019 | 1)സോണി ബ്രാൻഡ് ടെലിവിഷൻ- | പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ |

| | | | | | |
|---|---|---|---|---|---|
| | വനിത വിശ്രമകേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | (ജനറൽ)<br>387023/- രൂപ<br>(ടി ചെലവ് തുകയിൽ 213337/- രൂപയുടെ ഉപകരണങ്ങളുടെ വിതരണ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. വിതരണവിവരങ്ങൾ ഹാജരാക്കാൻ അവശേഷിക്കുന്ന സാധനങ്ങളുടെ വില-173686/-) | | 2എണ്ണം<br>2)വാട്ടർ പ്യൂരിഫയർ-2എണ്ണം<br>3)സീലിംഗ് ഫാൻ-4എണ്ണം<br>4)പ്ലാസ്റ്റിക്ക് ചെയർ-30എണ്ണം<br>5)സ്റ്റീൽ ടേബിൾ<br>120x60x75-20g-1 എണ്ണം<br>6)സ്റ്റീൽ ടേബിൾ<br>150x75x75-20g-1എണ്ണം | സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കി. ഭാരതീപുരം, കരവാളൂർ പി.എച്ച്.സി കൾക്ക് വിതരണം നടത്തിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 3 | 23/19<br>ബ്ലോക്ക തല കായികടീം തുടർ പരിശീലനം | വികസനഫണ്ട്<br>(ജനറൽ)<br>172689/- രൂപ | 141/18-19 /26-03-2019 | സ്പോട്സ് ഉപകരണങ്ങൾ | വിതരണവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 4 | 179/19(SO)<br>ബ്ലോക്ക് തല കായികടീം രൂപീകരണം | വികസനഫണ്ട്<br>(ജനറൽ)<br>96832/- രൂപ | 150/18-19 /25-03-2019 | സ്പോട്സ് ഉപകരണങ്ങൾ | വിതരണവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| | ആകെ | 848151 | | | |

മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിതരണവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ടി പദ്ധതികൾ പ്രകാരം വാങ്ങൽനടത്തുന്നതിനായി ചെലവഴിച്ച തുകയിൽ വിതരണവിവരങ്ങൾ ഹാജരാക്കാൻ അവശേഷിക്കുന്ന ഉപകരണങ്ങൾക്ക് വേണ്ടി നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 9/18-09-2020

തടസ്സപ്പെടുത്തുന്ന തുക – 848151/- രൂപ

1-27 സംയുക്ത പദ്ധതികൾക്ക് നൽകിയ തുകയുടെ ചെലവ്/വിനിയോഗവിവരങ്ങൾ ഇല്ല

ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് തൻവർഷം സംയുക്ത പദ്ധതികൾക്കായി നൽകിയ തുകകളുടെ വിനിയോഗവിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ, സ.ഉ(കൈ)നം-11/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം-

തീയതി-29-01-2018 ഖണ്ഡിക 3.5.4(5)പ്രകാരം ഒന്നിലധികം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിഹിതം വകയിരുത്തി അതിൽ ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തെ മുഖ്യപങ്കാളിയായി നിശ്ചയിച്ച് നടത്തുന്നതാണ് സംയുക്തപ്രോജക്ട്. സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻമ്പ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്താനായി തൻവർഷം അംഗീകാരം ലഭിച്ച 69 പദ്ധതികളിൽ 28 പദ്ധതികളും സംയുക്തപദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുക എന്നതായിരുന്നു. കരവാളൂർ പഞ്ചായത്ത് ഒഴികെയുള്ള ഒരു ഗ്രാമപഞ്ചായത്തിന്റെയും പ്രോജക്ട് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമോ തുകയുടെ വിനിയോഗവിവരമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, ആയതിനാൽ ടി ഇനത്തിൽ നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി തുകകൾ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് | തുക കൈപ്പറ്റിയ സ്ഥാപനം | ഫണ്ട്/തുക (രൂപ) /ബിൽ നം-തീയതി |
|---|---|---|---|
| 1 | 119/2019<br>ആനന്ദപുരം മുതലാറ്റ് റോഡ് കോൺക്രീറ്റിംഗ് | അലയമൺ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)/<br>100000/- രൂപ<br>ബിൽ നം - 26-18-19/ 05/09/2018 |
| 2 | 120/2019<br>പുളിഞ്ചി മുതലാറ്റ് റോഡ് കോൺക്രീറ്റിംഗ് | അലയമൺ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>100000/- രൂപ<br>ബിൽ നം – 27/18-19/ 05/09/2018 |
| 3 | 121/2019<br>ആര്യൻകാവ് കരിമ്പിൻത്തോട്ടം സംരക്ഷണം | ആര്യൻകാവ് ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>500000/- രൂപ<br>ബിൽ നം –31/18-19 /11-09-18 |
| 4 | 124/2019<br>വെള്ളിമല മേൽപ്പാലം സൈഡ് പ്രോട്ടക്ഷൻ | തെന്മല ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>500000/- രൂപ<br>ബിൽ നം-31/18-19-11 /09/2018 |
| 5 | 127/2019<br>തേവർകുന്ന് മൂലക്കയം റോഡ് സൈഡ് കോൺക്രീറ്റിംഗ് | തെന്മല ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>200000/- രൂപ<br>ബിൽ നം - 32/18-19/ 11-09/2018 |
| 6 | 130/2019<br>പ്ലാവിളയിൽ കോംപ്ലക്സ് | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>400000/- രൂപ |

| | | | |
|---|---|---|---|
| | മാർക്കറ്റ് ജംഗ്ഷൻ-പഴയ പോലീസ് സ്റ്റേഷൻ റോഡ് കോൺക്രീട്ടിംഗ് | | 71/2018-19/30-11-2018 |
| 7 | 131/2019<br>കോയിക്കൽ വാതുക്കൽ റോഡ് കലുങ്ക് നിർമ്മാണം | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>200000/- രൂപ<br>ബിൽ നം – 69/18-19/ 30-11-18 |
| 8 | 133/2019<br>പനച്ചമൂട്ടിൽ ഏലാ റോഡ് നിർമ്മാണം | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>150000/- രൂപ<br>ബിൽ നം – 70/18-19/ 30-11-2018 |
| 9 | 135/2019<br>ശാസ്താംനട അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>150000/- രൂപ<br>ബിൽ നം – 73/18-19- 3-11-2018 |
| 10 | 137/2019<br>മുതലാറ്റ് വടക്കേകോണം റോഡ് കോൺക്രീറ്റിംഗ് | അലയമൺ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>100000/- രൂപ<br>ബിൽ നം – 27/18-18 11-09-2018 |
| 11 | 139/2019<br>കനാൽ നെടുംപ്പച്ച റോഡ് കോൺക്രീറ്റിംഗ് | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>299000/- രൂപ<br>ബിൽ നം – 72/18-19/ 30-11-2018 |
| 12 | 140/2019<br>ആർച്ചൽ വഞ്ചിമുക്ക് മുളയ്ക്കൽ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>100000/- രൂപ<br>ബിൽ നം – 74/18-19/ 30-11-2018 |
| 13 | 141/2019<br>ഉദയഗിരി റെയിൽവേസ്റ്റേഷൻ റോഡ് കോൺക്രീറ്റിംഗ് | തെന്മല ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>300000/- രൂപ<br>ബിൽ നം – 33/18-19/ 11-09-2018 |
| 14 | 183/2019<br>അഞ്ചൽ ഗ്രാമപഞ്ചായത്തിന്റെ തെന്നൂർ വാട്ടർടാങ്ക് റോഡ് കോൺക്രീറ്റിംഗ് | അഞ്ചൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>100000/- രൂപ<br>ബിൽ നം – 68/18-19/ 24-11-2018 |

| | | | |
|---|---|---|---|
| 15 | 187/219<br>ഉണ്ണിക്കുന്ന് ബഥേൽ പള്ളി റോഡ് കോൺക്രീറ്റിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>350000/- രൂപ<br>ബിൽ നം - 56/18-19/ 30-10-18 |
| 16 | 79/2019<br>കരവാളൂർ പഞ്ചായത്ത് അഞ്ചാം വാർഡ് പാമ്പാടി വട്ടമൺ റോഡ് കോൺക്രീറ്റിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>250000/- രൂപ<br>ബിൽ നം - 58/18-19/ 31-10-18 |
| 17 | 84/2019<br>കരവാളൂർ പഞ്ചായത്ത് നാലാം വാർഡ് അടുക്കളമൂല കൊല്ലവൻക്കാട് റോഡ് സൈഡ് കെട്ടം കോൺക്രീറ്റിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>245000/- രൂപ<br>ബിൽ നം – 57/18-19/ 31-10-18 |
| 18 | 106/2019<br>കരവാളൂർ പഞ്ചായത്ത് പതിനാലാം വാർഡ്-കുഞ്ചാണ്ടി മുക്ക് അംബേദ്കർ കോളനി റോഡ് റീടാറിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>ബിൽ നം - 240000/- രൂപ<br>63/18-19/31-10-18 |
| 19 | 108/2019<br>കരവാളൂർ പഞ്ചായത്ത് വഞ്ചിയൂർ<br>പൊട്ടക്കുളം റോഡ് കോൺക്രീറ്റിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>75000/- രൂപ<br>ബിൽ നം – 61/18-19/ 31-10-18 |
| 20 | 109/2019<br>കരവാളൂർ പഞ്ചായത്ത്-വെഞ്ചേമ്പ്-LPS ആയുർവേദഹോസ്പിറ്റൽ റോഡ് കോൺക്രീറ്റിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>ബിൽ നം - 75000/- രൂപ<br>60/18-19/31-10-18 |
| 21 | 110/2019<br>പനച്ചവിള രോഹിണി റോഡ് കോൺക്രീറ്റിംഗ് | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>ബിൽ നം - 115000/- രൂപ<br>59/18-19/31-10-18 |
| 22 | 111/2019<br>നരിക്കൽ വാർഡിൽ കല്ലടമുക്ക് വട്ടമൺ | കരവാളൂർ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br>400000/- രൂപ<br>ബിൽ നം - 62/18-19/ |

| | | | |
|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് | | 31-10-2018 |
| 23 | 112/2019<br><br>ഇടമുളയ്ക്കൽ പഞ്ചായത്തിൽ വാളകം വാർഡ് തന്നൂർക്കോണം പുലിയത്ത് കിഴക്കേക്കര റോഡ് കോൺക്രീറ്റിംഗ് | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br><br>200000/- രൂപ<br><br>ബിൽ നം - 41/18-19/<br>15-09-2018 |
| 24 | 113/2019<br><br>ഇടമുളയ്ക്കൽ പഞ്ചായത്തിൽവാളകം വാർഡ് പുന്തലക്കോണം കരോംവിള ചരുവിൽ റോഡ് കോൺക്രീറ്റിംഗ് | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br><br>200000/- രൂപ<br><br>ബിൽ നം - 42/18-19/<br>15-09-18 |
| 25 | 114/2019<br><br>ഇടമുളയ്ക്കൽ പഞ്ചായത്തിൽ പൊടിയാട്ടുവിള പുന്നക്കാട്<br><br>അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br><br>200000/- രൂപ<br><br>ബിൽ നം - 43/18-19/<br>15-09-18 |
| 26 | 116/2019<br><br>കുട്ടിനാട് ശിവക്ഷേത്രം റോഡ് കോണക്രീറ്റിംഗ് | അലയമൺ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br><br>100000/- രൂപ<br>ബിൽ നം - 28/18-19/<br>11-09-2018 |
| 27 | 117/2019<br><br>പുഞ്ചക്കോണം നെല്ലിപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | അലയമൺ ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (ജനറൽ)<br><br>100000/- രൂപ<br>ബിൽ നം – 29/18-19<br>11-09-2018 |
| 28 | 14/2019<br><br>ബഡ്സ് റീഹാബിലൈറ്റേഷൻ<br><br>സെന്ററുകൾക്ക് വിഹിതം നൽകൽ | ഇടമുളയ്ക്കൽ (200000/-),<br><br>അഞ്ചൽ (1365000/-)<br>ഗ്രാമപഞ്ചായത്തുകൾക്ക് | വികസനഫണ്ട് (ജനറൽ)<br><br>1565000/- രൂപ<br><br>ബിൽ നം - 93/18-19/<br>23-01-19<br><br>ബിൽ നം - 105/18-19/<br>19-02-19 |
| | | | 7314000/- രൂപ |

സംയുക്ത പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 7314000/- രൂപ
എൻക്വയറി നം. – 4/17.09.2020

1-28 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ / ധനവിനിയോഗ വിവരങ്ങളില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടി വിവിധ പദ്ധതികൾ പ്രകാരം കേരള വാട്ടർ അതോറിട്ടിയിൽ തുക ഒടുക്കിയെങ്കിലും പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങളോ തുകയുടെ വിനിയോഗവിവരങ്ങളോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്ക് വരുത്തുമ്പോൾ പ്രവൃത്തി നിർവ്വഹണം നടത്തുന്ന കേരള വാട്ടർ അതോറിട്ടിയുമായി കരാർ ചമയ്ക്കുന്നില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/നമ്പർ | ഫണ്ട്/തുക (രൂപ) | തുക കൈപ്പറ്റിയത് |
|---|---|---|---|
| 1 | 199/2019<br><br>തൃക്കോയിക്കൽ ക്ഷേത്രം നാതുക്കൽ എണ്ണപ്പന കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>350000/-<br><br>107/18-19/19-2-19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കേരളവാട്ടർ അതോറിട്ടി<br><br>കൊട്ടാരക്കര |
| 2 | 200/2019<br><br>നിരപ്പിൽ ആർച്ചൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>347000/-<br><br>120/18-19/22-2-19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കേരളവാട്ടർ അതോറിട്ടി<br><br>കൊട്ടാരക്കര |
| 3 | 203/2019<br><br>അയിലറ ജംഗ്ഷൻ പന്തടിമുകൾ കുടിവെള്ള<br>പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>410000/-<br><br>118/18-19/22-2-19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കേരളവാട്ടർ അതോറിട്ടി<br><br>കൊട്ടാരക്കര |
| 4 | 50/2019<br><br>ആലഞ്ചേരി പുളിഞ്ചി ജംഗ്ഷൻ മുതലാറ്റ്<br>കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>880000/-<br><br>25/18-19/05-09-18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കേരളവാട്ടർ അതോറിട്ടി<br><br>കൊട്ടാരക്കര |
| 5 | 05/2019<br><br>കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>3665000/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കടയ്ക്കൽ,പുനലൂർ |
| 6 | 06/2019<br><br>പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ള<br>പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (എസ്.സി.പി)<br><br>3680000/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കടയ്ക്കൽ,പുനലൂർ |
| 7 | 181/2019<br><br>ചാഴിക്കുളം നിരപ്പ് അങ്കണവാടി കുടിവെള്ള | വികസനഫണ്ട് (ജനറൽ)<br><br>460000/-<br><br>79/17-18/21-12-18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br><br>കേരളവാട്ടർ അതോറിട്ടി |

| | | | |
|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ | | കൊട്ടാരക്കര |
| 8 | 182/19<br>ഗുരുമന്ദിരം റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br>270000/-<br>78/17-18/21-12-18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കേരളവാട്ടർ അതോറിട്ടി<br>കൊട്ടാരക്കര |
| ആകെ | | 10062000/- | |

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ പൂർത്തീകരണ/ധനവിവിയോഗ വിവരങ്ങൾ പരിശോധനയക്ക് ഹാജരാക്കാൻ രേഖാ മൂലം അവശ്യപ്പെട്ടപ്പോൾ ധനവിനിയോഗവിവരം ഉടൻ ലഭ്യമാക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗവിവരങ്ങൾ പരിശോധനയക്ക്ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 04/17-09-2020

തടസ്സപ്പെടുത്തിയ തുക – 1,00,62,000/- രൂപ

1-29 സർക്കാർ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജിനത്തിൽ തുക ഒടുക്കി

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കി വരുന്നതിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് സ.ഉ.(സാധാ)നം/1069 /2018/തസ്വഭവ, 16-04-2018 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയാണ് കേരള വാട്ടർ അതോറിറ്റിയിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്ക് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-6 കാണുക.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ് - അധിക സബ്സിഡി നൽകി - 167000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. – 007/19

അടങ്കൽ – 1000000/- രൂപ

(500000/- വികസന ഫണ്ട് – ജനറൽ

500000/- ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്)

ഗ്രൂപ്പുകൾക്ക് ബ്രോയിലർ യൂണിറ്റ് നടത്തുന്നതിനുള്ള പ്രോജക്ട് പ്രകാരം വിവിധ ഗ്രൂപ്പുകൾക്ക് ബ്ലോക്കുപഞ്ചായത്ത് സബ്സിഡി നൽകി.5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 1000 ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വീതം 10 ഗ്രൂപ്പിന് സഹായം നൽകുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയത്.ആയതു പ്രകാരം 5 ഗ്രൂപ്പുകൾക്ക് 50000 /- രൂപ വീതം ആകെ 250000/- രൂപ സബ്സിഡി നൽകി. സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.2.2018 പ്രകാരം ജനറൽ വിഭാഗത്തിന് നൽകാവുന്ന സബ്സിഡി നിരക്ക് ചെലവുതുകയുടെ 50% മാത്രമാണ്. എന്നാൽ, കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയയിനത്തിൽ ചെലവഴിച്ച തുകയുടെ പരിധിയിൽ കൂടുതൽ തുക ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| യൂണിറ്റിന്റെ പേര് | കോഴിക്കുഞ്ഞുങ്ങളെ നൽകിയ സ്ഥാപനം | ചെലവുതുക (രൂപ) (സ്ഥാപനത്തിന്റ ബിൽ പ്രകാരം) | യൂണിറ്റിന് നൽകിയ തുക (രൂപ)/ ബിൽ നം./ തീയതി | നൽകാവുന്ന തുക (രൂപ) (ചെലവ് തുകയുടെ 50%) | അധികം (രൂപ) |
|---|---|---|---|---|---|
| ആലിഫ് സ്വയംസഹായസംഘം | അന്നപൂർണ്ണ പൗൾട്രി ഫാം | 40300 (1300 @31) | 50000 (2/18-19 /13.3.19) | 15500* | 34500 |
| അറഫ സ്വയംസഹായസംഘം | കൈരളി പൗൾട്രി ഇക്വിപ്പ്മെന്റ്സ് | 41000 (1000@41) | 50000 (2/18-19 /13.3.19) | 20500 | 29500 |
| പനാട്ട് സ്വയംസഹായസംഘം | പോൾ ട്രേഡേഴ്സ് | 27000 (1000@27) | 50000 (6/18-19 /15.3.19) | 13500 | 36500 |
| സ്പർശം സ്വയംസഹായസംഘം | പോൾ ട്രേഡേഴ്സ് | 40000 (1000@40) | 50000 (10/18-19 /22.3.19) | 20000 | 30000 |
| ക്രസന്റ് സ്വയംസഹായസംഘം | പോൾ ട്രേഡേഴ്സ് | 27000 (1000@27) | 50000 (11/18-19 /22.3.19) | 13500 | 36500 |
| അധികം നൽകിയ തുക | | | | | 167000/- |

*പ്രോജക്ട് പ്രകാരം 1000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനാണ് തുക നൽകുന്നതെന്ന് പ്രേജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 1000@31 = 31000/-ന്റെ 50% തുകയായ 15500/- രൂപയ്ക്കു മാത്രമാണ് അർഹതയുള്ളത്. ക്രസന്റ്, പനാട്ട് സ്വയംസഹായ സംഘങ്ങൾ പോൾ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കോഴിക്കുഞ്ഞിന് 27/- രൂപ നിരക്കിലും അതേ സ്ഥാപനത്തിൽ നിന്നും സ്പർശം സ്വയംസഹായസംഘം 40/- രൂപാ നിരക്കിലും കുഞ്ഞുങ്ങളെ വാങ്ങിയതായി കാണുന്നു. ഒരു സ്ഥാപനത്തിൽ നിന്നും യൂണിറ്റുകൾ വ്യത്യസ്ത നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങാനുള്ള സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സബ്സിഡിയിനത്തിൽ അധികം നൽകിയ 167000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

എൻക്വയറി നം. – 10/18.9.2020

നിരാകരിച്ച തുക - 167000/- രൂപ

നിർവ്വഹണഉദ്യോഗസ്ഥൻ – സീനിയർ വെറ്റിനറി സർജൻ

3-2 പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കുള്ള പദ്ധതിയിൽ നിന്നും ഡേറ്റാ എൻട്രി ഓപ്പറേറ്റർക്കുള്ള വേതനം നൽകിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

പ്രോജക്ട് നം., പേര് – 01/2019, പദ്ധതി രൂപീകരണ നിർവ്വഹണം

നിർവ്വഹണം – സെക്രട്ടറി

ഫണ്ട് – വികസനഫണ്ട് (ജനറൽ)

ഫണ്ട്അടങ്കൽ – 200000/- രൂപ

ചെലവ് – 196857/- രൂപ
ബിൽ നം. - 1) 91/18-19/21-01-2019 – 1,50,000/-

2) 106/18-19/19-02-2019 – 7,750/-

3) 152/18-19/25-03-2019 – 26,000/-

4) 153/18-19/25-03-2019 – 13,107/-

2018-19 സാമ്പത്തിക വർഷത്തിൽ നടക്കുന്ന പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾക്കായി വകയിരുത്തിയ ഫണ്ടിൽ നിന്നും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി പദ്ധതിയുമായി ബന്ധപ്പെട്ടതല്ലാത്ത ചെലവ് നടത്തി.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ആസൂത്രണ സമിതി യോഗങ്ങൾ, പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന വർക്കിംഗ് ഗ്രൂപ്പിലെയും ആസൂത്രണ സമിതിയിലെയും അനൗദ്യോഗിക അംഗങ്ങൾക്ക് ഈ പ്രോജക്ടിൽ നിന്നും യാത്രാബത്ത, പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയുമായി ബന്ധപ്പെട്ട ഫീൽഡ്തല ചെലവുകൾ (ഭക്ഷണചെലവ്), ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിയോഗിക്കപ്പെടുന്നവർക്ക് പ്രതിമാസം 5000/- രൂപ നിരക്കിൽ ഓണറേറിയം എന്നീ ചെലവുകളാണ് ടി പദ്ധതി പ്രകാരം നടത്തേണ്ടത് (പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ-സർക്കാർ ഉത്തരവ് (കൈ)നം11/2018/ത.സ്വ,.ഭ.വ, തിരുവനന്തപുരം തീയതി 29-01-2018). എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ താത്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡേറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീ. ജയ്. ജെ എന്നയാൾക്ക് 04/18 മുതൽ 09/18 വരെയുള്ള കാലയളവിലേക്ക് മുൻകൂറായി നൽകിയ വേതനം പദ്ധതി ആസൂത്രണചെലവുകൾക്കായി വകയിരുത്തിയിരുന്ന പ്ലാൻഫണ്ടിൽ നിന്നും മാറ്റി ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക്

സെക്രട്ടറിയുടെ ഉത്തരവ് നം സി-2210/18/അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്/2018-19 തീയതി-19-01-2020 പ്രകാരം റീ ക്ലപ്പ് ചെയ്തിരിക്കുന്നു. 04/2018 മുതൽ 09/2018 വരെയുള്ള കാലയളവിൽ വേതനമിനത്തിൽ നൽകിയ 103290/- രൂപയാണ് ടി രീതിയിൽ പിൻവലിച്ചിരിക്കുന്നത്. കൂടാതെ 10000/- രൂപ ഓണറേറിയം എന്ന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഏതിനത്തിൽ ആർക്ക് നൽകാനാണ് ടി തുക പിൻവലിച്ചിരിക്കുന്നത് എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് നടത്തിയതിനാധാരമായ സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ, 10000/- രൂപ ഓണറേറിയമായി ചെലവ് നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ 103290/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ജനറൽ പർപ്പസ് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്ത 103290/- രൂപ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 12/18-09-2020

നിരാകരിച്ച തുക – 103290/- രൂപ

തടസ്സപ്പെടുത്തിയ തുക – 10000/- രൂപ

3-3 ഏരൂർ പഞ്ചായത്ത് - കോട്ടാത്തല കോളനി കുടിവെള്ള പദ്ധതി നവീകരണം; നടപടിക്രമങ്ങളിലെ അപാകത 57130/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. 151/19.
അടങ്കൽ തുക : 500000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ് : 268472/- രൂപ (ബിൽ നമ്പർ. 66/4.10.18 – 57130/- രൂപ, 1/18.5.18 –211342/- രൂപ)
എം.ബുക്ക് നമ്പർ : 39/17-18
കരാറുകാരൻ : 1. ശ്രീ. വി. ആർ. സതീഷ് കുമാർ, ശ്രീ വിശാഖം, തേവലപ്പുറം.
കരാർ നമ്പർ : 01/AEE/LSGD/ACL/18-19 Dtd.7.6.18
2 . ശ്രീ. സജീവ് കെ. ബി, കൊടിയഴികത്ത് വീട്, ആലഞ്ചേരി. (സിവിൽ പ്രവൃത്തികൾ)
കരാർ നമ്പർ : 71/AEE/LSGD/ACL/16-17Dtd.27.3.17
ബിൽ നമ്പർ : 01/18.5.18
2016-17 വർഷത്തിൽ വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിക്ക് ടെന്റർ ക്ഷണിച്ചതിൽ 3.068% കുറഞ്ഞ നിരക്കിൽ (484660/- രൂപ) ശ്രീ. കെ. ബി. സജീവ്, കൊടിയഴികത്ത് വീട്, ആലഞ്ചേരി എന്ന വ്യക്തി കരാർ ഉറപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ 5 എച്ച് പി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും അതിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കുമായി 20,907/- രൂപയും (ഒബ്സർവ്ഡ് ഡേറ്റ) ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 23.05.2017 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഇത്തരത്തിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾ മാത്രമായി എടുത്തുമാറ്റുകയും ആയതിന് പാനൽ എൻജിനീയർമാരെ കൊണ്ട് പ്രത്യേകമായി 69000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 57130/-രൂപ ചെലവഴിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് നിരക്കിൽ ആണ് കരാറുകാരനായ ശ്രീ. സതീഷ് കുമാർ ഈ പ്രവൃത്തിയുടെ കരാർ ഏറ്റിട്ടുള്ളത്. ടെൻഡർ/കൊട്ടേഷൻ ക്ഷണിച്ചതായോ, ശ്രീ. സതീഷ് കുമാറിന്റേതല്ലാതെ മറ്റ് കൊട്ടേഷനുകൾ ലഭിച്ചതായോ ഫയലിൽ രേഖയില്ല. 5HP submersible pump സ്ഥാപിച്ചതിന് 24300 /-രൂപയും വൈദ്യുതി കണക്ഷനാവശ്യമായ 6mm core armed cable-ന്റെ വില

ഇനത്തിൽ13650/- രൂപയും ചേർത്ത് ആകെ 37950/- രൂപ ആദ്യ കരാറുകാരനായ ശ്രീ. സജീവ്. കെ. ബി ക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെയാണ് വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രത്യേകമായി എസ്റ്റിമേറ്റ് തയ്യാറാക്കി
57130/- രൂപ ചെലവഴിച്ചിട്ടുള്ളത്.
കൂടാതെ നവീകരണ പ്രവർത്തനങ്ങൾ മാത്രം നടത്തിയിട്ടുള്ള പ്രസ്തുത കുടിവെള്ള പദ്ധതിയുടെ മുൻപുണ്ടായിരുന്ന വൈദ്യുത പമ്പ് സെറ്റ് എന്തു ചെയ്തുവെന്നും, ഫയലിൽ എവിടെയും വ്യക്തതയില്ല. മേൽ അപാകതകൾക്കു വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം13/18-9-2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവഹണത്തിനായി ടെൻഡർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്തി കരാർ വച്ചതിനുശേഷം, വ്യക്തമായ കാരണം രേഖപ്പെടുത്താതെയും, കമ്മിറ്റി തീരുമാനങ്ങൾ ഇല്ലാതെയും, ഇലക്ട്രിക്കൽ പാനൽ എൻജിനീയർമാരെകൊണ്ട് പ്രത്യേകമായി എസ്റ്റിമേറ്റ് തയ്യാറാക്കിപ്പിച്ച്, അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്കിൽ തന്നെ മറ്റൊരു കരാറുകാരനെ കൊണ്ട് വൈദ്യുതീകരണം നടത്തിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ രണ്ടാമത്തെ എസ്റ്റിമേറ്റ് പ്രകാരം ചെലവഴിച്ച 57130/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക പദ്ധതിനിർവഹണാധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 57130/- രൂപ

3-4 റോഡ് റീടാറിങ് പ്രവൃത്തികൾ - കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല, 46927/- രൂപ തിരികെ ഈടാക്കണം.

18-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിങ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed bitumen rate അനുവദിച്ചു നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച് ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക (രൂ) | കരാറുകാരൻ/ബിൽനമ്പർ |
|---|---|---|---|---|
| വട്ടയം-വഞ്ചിപ്പെട്ടി ജംഗ്ഷൻ റോഡ്, 163/19 | S65-4446kg, RS1-442kg | 30 | 8430 | ശ്രീ. ബിനു. പി, അനിൽ ഭവൻ, കോട്ടവട്ടം |
| കലമാന്നൂറ്-വടമൺ റോഡ് 166/19 | S65-3667kg, RS1-356kg | 25 | 7025 | ശ്രീ. ബിനു.പി, അനിൽ ഭവൻ, കോട്ടവട്ടം |

| | | | | |
|---|---|---|---|---|
| വെഞ്ചേമ്പ് ജംഗ്ഷൻ-വാഴവിള റോഡ്, 162/19 | S65-1318kg, RS1-1141kg | 14 | 3934 | ശ്രീ. ബിനു. പി, അനിൽ ഭവൻ, കോട്ടവട്ടം |
| കറുമ്പൻ-നീലമ്മാൾ റോഡ് 164/19 | S65-4433kg, RS1-439kg | 30 | 8430 | ശ്രീ. ബിനു. പി, അനിൽ ഭവൻ, കോട്ടവട്ടം |
| ഒഴുക്കുപാറയ്ക്കൽ-വടക്കേമുക്ക് കോളനി റോഡ്, 194/19 | S65-1597kg, RS-153kg | 11 | 3091 | ശ്രീ. എം. ഷംസുദ്ദീൻ, അലിമൻസിൽ, വട്ടപ്പാറ |
| ആനക്കുളം-ഉണക്കത്തോട് റോഡ്, 78/19 | S65-3403kg, RS1-310kg | 23 | 6463 | ശ്രീ. സത്യരാജൻ, കൈലാസ്, പാണയം. |
| ഇടമൺ-കുന്നംപുറം പൈപ്പ്ഫാക്ടറിറോഡ്, 175/19 | S65-3432kg, RS1-319kg | 24 | 6744 | ശ്രീ. ഷിബു തോമസ്, കൈമണ്ണിൽ വീട്, ഉറുകുന്ന്. |
| അഗസ്ത്യക്കോട്-വടമൺ റോഡ് 92/19 | S65-1537kg, RS1-151kg | 10 | 2810 | ശ്രീ. സത്യരാജൻ, കൈലാസ്, പാണയം. |
| | ആകെ | | 46927/- | |

46927/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റൻറ് എൻജിനീയറിൽ നിന്നോ ഇടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 46927/- രൂപ

.

3-5 അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതു മൂലം പഞ്ചായത്ത് ഫണ്ടിന് 62628/-രൂപയുടെ നഷ്ടം-

പ്രോജക്ട് നം – 32/18-19 മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ, ഐസ് ബോക്സ് സഹിതം

ഫണ്ട് – വികസനഫണ്ട് (ജനറൽ)

അടങ്കൽ – 3750000/- രൂപ (1875000/- വികസനഫണ്ട്, 1875000/- ഗുണഭോക്തൃ വിഹിതം)

ചെലവ് തുക – 1375000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

18-19 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ 15 സ്വയംസഹായ സംഘങ്ങൾ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്കായി നടപ്പിലാക്കിയ "മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ ഐസ് ബോക്സ് സഹിതം" എന്ന പദ്ധതി പ്രകാരം 1.25 ലക്ഷം രൂപ വീതം സബ്സിഡി ധനസഹായം കൈപ്പറ്റിയ സ്വയംസഹായസംഘങ്ങൾക്ക് അധിക നിരക്കിൽ സബ്സിഡി നൽകിയതു മൂലം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി ധനസഹായം മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ)നം. 22/18/ത.സ്വ.ഭ.വ.തിരുവനന്തപുരം/തീയതി 14-02-2018 ഖണ്ഡിക 6-3(19) അനുസരിച്ച് മത്സ്യവില്പനയ്ക്കായി ഓട്ടോറിക്ഷ ഐസ്ബോക്സ് സഹിതം എന്ന പദ്ധതിക്ക് 2.5 ലക്ഷം രൂപ യൂണിറ്റ് ചെലവിൽ മൂന്ന് പേർ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് യൂണിറ്റ് വിലയുടെ 50% പരമാവധി 1.25 ലക്ഷം രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ 2.5 ലക്ഷം രൂപയ്ക്ക് താഴെ യൂണിറ്റ് ചെലവ് വരുമ്പോൾ ടി ചെലവിന്റെ 50% സബ്സിഡിക്ക് മാത്രമാണ് അർഹത ഉള്ളത്. ഇവിടെ പദ്ധതി നടപ്പിലാക്കയിരിക്കുന്നത് യൂണിറ്റ് ചെലവ് പരിഗണിക്കാതെ എല്ലാ ഗ്രൂപ്പുകൾക്കും 1.25 ലക്ഷം രൂപ വീതം നൽകിയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യൂണിറ്റിന്റെ പേര് | പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ ചെലവായ തുക | അർഹമായ സബ്സിഡി | അനുവദിച്ച സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | നന്മഗ്രൂപ്പ്, പത്തടി | 219989/- (വാഹനത്തിന്റെ വില- 211847/- ഐസ് ബോക്സ് - 8142/-) | 109995 | 125000 | 15005 |
| 2 | മർഹബ ജെ.എൽ.ജി,തടിക്കാട് | 230874 (വാഹനത്തിന്റെ വില - 211847/- ഐസ്ബോക്സ് - 9263/- അഡീഷണൽ ഫിറ്റിംഗ്സ് -9764/-) | 115437 | 125000 | 9563 |
| 3 | സംസം ഗ്രൂപ്പ്,പത്തടി | 211940/- വാഹനത്തിന്റെവില | 105970 | 125000 | 19030 |

| | | | | | |
|---|---|---|---|---|---|
| | | മാത്രം | | | |
| 4 | ആറ്റൻകര,പത്തടി | 211940/-<br>വാഹനത്തിന്റെവില<br>മാത്രം | 105970 | 125000 | 19030 |
| അധികം നൽകിയ ആകെ തുക | | | | | 62628 |

ടി അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. സബ്സിഡി തുകയ്ക്ക് അർഹതയുള്ള നിരക്കിൽ നിന്നും അധികരിച്ച് നൽകിയ 62628/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 09/18-09-2020

നിരാകരിച്ച തുക – 62628/- രൂപ

3-6 സർക്കാർ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജിനത്തിൽ ഒടുക്കിയ തുക നിരാകരിക്കുന്നു

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജാണ് ഈടാക്കി വരുന്നത്. വാട്ടർ അതോറിറ്റിക്കും PWD മാന്വൽ ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് (സ.ഉ.(സാധാ)നം./1069/2018/തസ്വഭവ, 16-04-2018 പ്രകാരം) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയാണ് കേരള വാട്ടർ അതോറിറ്റിയിൽ ചുവടെ സൂചിപ്പിക്കുന്ന പ്രവത്തികൾക്ക് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | ആകെ ഒടുക്കിയ തുക(രൂപ) / ബിൽ നം | എസ്ററിമേറ്റ് തുക (രൂപ) | ഇടാക്കിയ സെന്റേജ് (12.5% നിരക്കിൽ) | ഈടാക്കേണ്ട സെന്റേജ് ചാർജ്ജ് (10% നിരക്കിൽ) | വാട്ടർ അതോറിട്ടിയിൽ അധികമായി ഒടുക്കിയ തുക |
|---|---|---|---|---|---|---|
| 1 | 182/2019<br>ഗുരുമന്ദിരം റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 270000/-<br>വികസനഫണ്ട് (ജനറൽ)<br>ബിൽ നം-78/18-19 /21-12-2018 | 239074.69 | 29884.34 | 23907.47 | 5976.87 |
| 2 | 50/2019<br>ആലഞ്ചേരി-പുളിഞ്ചി ജംഗ്ഷൻ | വികസനഫണ്ട് (ജനറൽ)<br>ബിൽ | 777188.63 | 97148.57 | 77718.86 | 19429.71 |

| | | | | | | |
|---|---|---|---|---|---|---|
| | മുതലാറ്റ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | നം-25/18-19 /05-09-2018 | | | | |
| 3 | 181/2019<br>ചാഴിക്കുളം അങ്കണവാടി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട്<br>(ജനറൽ)<br>ബിൽ നം-79/18-19 /21-12-2018 | 400777.13 | 50097.14 | 40077.71 | 10019.43 |
| ആകെ | | | | | | 35426.01 |

സർക്കാർ നിർദ്ദേശിച്ച നിരക്കിൽ നിന്നും അധികമായി ഈടാക്കിയ സെന്റേജ് ചാർജ്ജ് ഒടുക്കിയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. നിയമാനുസൃതമായി ഒടുക്കേണ്ട തുകയിൽ നിന്നും അധികരിച്ച് നടത്തിയ ചെലവ് 35426.01/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 9(എ)/29-09-2020

നിരാകരിച്ച തുക – 35426.01/- രൂപ

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 22.07.2019 – 23.07.2019 | കെ.എസ്.എ.കെ.എൽ.എം-പി.1/1145/19 തീ.29.08.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | 2018-19ൽ ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | 2018-19 ലെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, കൊല്ലം | 2,73,79,004/- | ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതിക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം | 2,73,79,004/- | ഇല്ല. |

2018-19 ലെ വാർഷിക ധനകാര്യ പത്രിക RP-31 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുക 1,56,42,995/- രൂപയാണ് (ഹെഡ് കോഡ് - 320700105 - 27,20,421/- രൂപ, ഹെഡ് കോഡ് – 320700204 – 97,31,800/- രൂപ, ഹെഡ് കോഡ് – 320700205 – 31,90,774/-) . വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 199/2019<br><br>തൃക്കോയിക്കൽ ക്ഷേത്രം നാതുക്കൽ എണ്ണപ്പന കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>107/18-19 /19-2-19 | 350000/- | - | 350000/- |
| | 200/2019<br><br>നിരപ്പിൽ ആർച്ചൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>120/18-19 /22-2-19 | 347000/- | - | 347000/- |
| | 203/2019<br><br>അയിലറ ജംഗ്ഷൻ പന്തടിമുകൾ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>118/18-19/22-2-19 | 410000/- | - | 410000/- |
| | 50/2019<br><br>ആലഞ്ചേരി പുളിഞ്ചി ജംഗ്ഷൻ മുതലാറ്റ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br><br>25/18-19 /05-09-18 | 880000/- | - | 880000/- |
| | 05/2019<br><br>കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ) | 3665000/- | - | 3665000/- |
| | 06/2019<br><br>പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (എസ്.സി.പി) | 3680000/- | - | 3680000/- |
| | 181/2019<br><br>ചാഴിക്കുളം നിരപ്പ് അങ്കണവാടി കുടിവെള്ള | വികസനഫണ്ട് (ജനറൽ)<br><br>79/17-18/21-12-18 | 460000/- | - | 460000/- |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ | | | | |
| | 182/19<br>ഗുരുമന്ദിരം റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വികസനഫണ്ട് (ജനറൽ)<br>78/17-18/21-12-18 | 270000/- | - | 270000/- |
| ആകെ | | | 10062000/- | | 10062000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സ്ഥിര നിക്ഷേപം

ഇക്വിറ്റി ഷെയറുകളിലെ നിക്ഷേപമായി 15,65,000/- രൂപ ഉണ്ട്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം- | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | - | 2001-2002 | 1-2 | ആംബുലൻസ് ഷെഡ് നിർമ്മാണം 21394/- രൂപയുടെ അധിക ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 1999-2000 | 20 | 2002-2003 | VII 2-4-1 | ആംബുലൻസിൽ നിന്നുള്ള വരവ് ധനദുർവിനിയോഗം | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2000-2001 | 3-1 | 2004-2005 | II 2-1 | കാർഷിക മേള നടത്തിയതിൽ അനധികൃത ചെലവ് | വിശദാംശങ്ങൾ ലഭ്യമല്ല. |
| 2011-12 | 3-43 | 2013-14 | 5-3-15 | കരുകോൺ വനിത പ്രവർത്തന കേന്ദ്രം | വിശദാംശങ്ങൾ ലഭ്യമല്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 30,57,92,790/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 22,66,19,694/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 472401.01/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21454138/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 167000/- | ഡോ. സന്തോഷ് കുമാർ<br>സീനിയർ വെറ്റിനറി സർജൻ |
| 3-2 | | 103290/- | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-3 | | 57130/- | ശ്രീ. ബി. വിജയകുമാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 46927/- | ശ്രീ. ബി. വിജയകുമാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 62628/- | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-6 | | 35426.01/- | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| | ആകെ | 472401.01/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,90,161 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-14 | 30,000 | ശ്രീമതി. സനുജ ബീഗം, പട്ടികജാതി വികസന ഓഫീസർ |
| 1-15 | 265212 | ശ്രീ. ബി. വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-21 | 645768 | ശ്രീ. ബി. വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-22 | 624478 | ശ്രീ. കെ. പി. അനിൽകുമാർ, കൃഷി അസി. ഡയറക്ടർ |

| | | |
|---|---|---|
| 1-23 | 10000 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-24 | 151996 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-25 | 1312372 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-26 | 848151 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-27 | 7314000 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 1-28 | 10062000 | ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 4090119 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ഡോ. സന്തോഷ് കുമാർ, സീനിയർ വെറ്റിനറി സർജൻ | കുഴിവിളവീട്, ഏരൂർ |
| ശ്രീമതി. സൗമ്യാഗോപാലകൃഷ്ണൻ, സെക്രട്ടറി | ഇടയിൽവീട്, ഭാരതീപുരം, ഏരൂർ |
| ശ്രീമതി സനുജ ബീഗം, പട്ടികജാതി വികസന ഓഫീസർ | സിറാജ് മൻസിൽ, ചിറ്റാറ്റ്മുക്ക്, കണിയാപുരം |
| ശ്രീ. ബി. വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കർണ്ണികാരം, 15-എ, പട്ടത്താനം നഗർ, പട്ടത്താനം. പി. ഒ, കൊല്ലം. |
| ശ്രീ. കെ. പി. അനിൽകുമാർ, കൃഷി അസി. ഡയറക്ടർ | സിന്ധുനിവാസ്, രാമച്ചംവിള, ആറ്റിങ്ങൽ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 2 | 1997-98 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 3 | 1998-99 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 4 | 1999-2000 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 5 | 2000-01 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 6 |
| 6 | 2001-02 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 3 |
| 7 | 2002-03 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |

| | | | |
|---|---|---|---|
| 8 | 2003-04 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 8 |
| 9 | 2004-05 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 10 | 2005-06 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 5 |
| 11 | 2006-07 | എൽ.എഫ്.ക്യു.ഡി.ബി.1377(2)- തീയതി 23-06-2014 | 13 |
| 12 | 2007-08 | എൽ.എഫ്.ക്യു.ഡി.ബി.1377(3)- തീയതി 23-06-2014 | 7 |
| 13 | 2008-09 | എൽ.എഫ്.ക്യു.ഡി.ബി.1377(4)- തീയതി 23-06-2014 | 14 |
| 14 | 2009-10 | എൽ.എഫ്.ക്യു.ഡി.ബി.1377(5)- തീയതി 27-06-2014 | 7 |
| 15 | 2010-11 | എൽ.എഫ്.ക്യു.ഡി.ബി.1377(6)- തീയതി 27-06-2014 | 6 |
| 16 | 2011-12 & 2012-13 | എൽ.എഫ്.ക്യു.ഡി.ബി.790/14- തീയതി 07-11-14 / 30-01-2015 | 42 |
| 17 | 2013-14 2014-15 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 1734/16, 20.02.17457/ | 17 |
| 18 | 2015-16 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 457/17/13.3.17 | 20 |
| 19. | 2016-17 | കെ.എസ്.എ.കെ.എൽ.എം.പി1/2005/17/27.11.17 | 14 |
| 20. | 2017-18 | കെ.എസ്.എ.കെ.എൽ.എം.പി1/4/2019/11.03.2019 | 9 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം 2018-19

കെ.എസ്.എ.കെ.എൽ.എം-പി.3/1084/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -19.02.2021

ഓഡിറ്റ് സാക്ഷ്യപത്രം 2018-19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം -2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.